IV. **സബ്മിഷൻ**

1. വീടും സ്ഥലവും വിട്ടുനൽകിയവർക്ക് പുതിയ നിർമ്മാണത്തിന് അനുമതി നൽകൽ

ഡോ. സുജിത് വിജയൻപിള്ള: സർ, ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് നിരവധി വീടുകളും വാണിജ്യ സ്ഥാപനങ്ങളുമാണ് പൊളിച്ചുമാറ്റപ്പെടുന്നത്. അതിനുപകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി തദ്ദേശഭരണ സ്ഥാപനങ്ങളോട് ചോദിക്കുമ്പോൾ എൻ.എച്ച്.എ.ഐ.-യുടെ ആക്സസ് പെർമിറ്റ് വേണമെന്ന ആവശ്യം മുന്നോട്ട് വയ്ക്കുന്നുണ്ട്. എന്നാൽ എൻ.എച്ച്.എ.ഐ-യുടെ ഓഫീസുമായി ബന്ധപ്പെടുമ്പോൾ ഡി.പി.ആർ. ഫൈനലൈസ് ചെയ്തിട്ടില്ലെന്നും അതിനാൽ ആക്സസ് പെർമ്മിറ്റ് നൽകാൻ നിർവ്വാഹമില്ലെന്നുമാണ് അറിയിക്കുന്നത്. എന്നാൽ ആക്സസ് പെർമിറ്റ് ഫീസായ 2,80,000 രൂപയും സർവ്വീസ് ചാർജ്ജായ 2,20,00 ലക്ഷം രൂപയും ചേർത്ത് 5,00,000 രൂപ നൽകുകയാണെങ്കിൽ ചില സ്വകാര്യ ഏജൻസികൾ ആക്സസ് പെർമിറ്റ് തരപ്പെടുത്തിക്കൊടുക്കുന്നതായി കണ്ടുവരുന്നുണ്ട്. ഇതിനെക്കുറിച്ച് എൻ.എച്ച്.എ.ഐ-യുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ആശയവിനിമയം നടത്തേണ്ടതുണ്ട്. അതിനോടൊപ്പംതന്നെ

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എൻ.എച്ച്.എ.ഐ. നിഷ്കർഷിച്ചിട്ടുള്ള നിർദ്ദിഷ്ട അളവ് പാലിച്ചുകൊണ്ട് കെട്ടിടം നിർമ്മിക്കുവാനുള്ള അനുമതി ലഭിക്കുവാനുള്ള നിർദ്ദേശവുംകൂടി ഉണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ താഴ്മയായി അപേക്ഷിക്കുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഡോ. സുജിത് വിജയൻപിള്ള ഉന്നയിച്ച വിഷയം ഗൗരവപൂർവ്വം കൈകാര്യം ചെയ്യേണ്ടുന്ന ഒന്നുതന്നെയാണെന്നാണ് ഗവൺമെന്റ് കാണുന്നത്. കെട്ടിടനിർമ്മാണ ചട്ടം പ്രകാരം ദേശീയപാതയിൽനിന്നും മൂന്ന് മീറ്റർ അകലത്തിൽ നിർമ്മാണങ്ങൾ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും നിർമ്മാണങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ നിബന്ധനകളും പാലിക്കേണ്ടതുണ്ട്. ആയതിനാൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എൻ.എച്ച്.എ.ഐ. നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതായിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന ദേശീയപാത അതിർത്തിക്കുള്ളിലുള്ള കെട്ടിട നിർമ്മാണത്തിന് ആക്സസ് പെർമിറ്റ് അനുവദിക്കുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്. പ്രസ്തുത അനുമതി ലഭ്യമാക്കി ആയത് സമർപ്പിക്കുന്ന മുറയ്ക്കാണ്

തദ്ദേശഭരണസ്ഥാപന സെക്രട്ടറിമാർ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നത്. നിലവിൽ സ്വകാര്യ കൺസൾട്ടൻസി ഏജൻസികൾ ആവശ്യക്കാർക്ക് ആക്സസ് പെർമിറ്റ് ലഭ്യമാക്കുന്നതിനായി ഭാരിച്ച തുക കൺസൾട്ടൻസി ഫീസായി ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് ഗതാഗതം ആൻഡ് ഹൈവേ മന്ത്രാലയം പുറപ്പെടുവിച്ച 26-06-2020-ലെ കത്ത് പ്രകാരം ദേശീയപാതയോരത്തുള്ള വസ്തുക്കളിലെ പ്രവേശനാനുമതിക്കുള്ള ഏറ്റവും പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാനദണ്ഡങ്ങളനുസരിച്ചും ദേശീയപാത ഭൂമിയും ഗതാഗതവും നിയന്ത്രണ നിയമം 2002 പ്രകാരവും സ്വകാര്യസ്വത്തുക്കൾക്കും മറ്റു സ്ഥാപനങ്ങൾക്കും ദേശീയപാതയിലേയ്ക്കുള്ള പ്രവേശനത്തിന് ബന്ധപ്പെട്ട ഹൈവേ അഡ്മിനിസ്ട്രേഷനിൽനിന്ന് അനുമതി നൽകേണ്ടതിന് മാനദണ്ഡങ്ങൾക്കനുസൃതമായി ആവശ്യമായ ഫീസ് അപേക്ഷകർ അടയ്ക്കേണ്ടതുമായിട്ടാണ് കാണുന്നത്. കേന്ദ്ര മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് ദേശീയപാതയുടെ ശേഷി വർദ്ധിപ്പിക്കുന്നതിന്, അതായത് നാലോ അതിലധികമോ വരികളുള്ള വീതി കൂട്ടൽ നിർദ്ദേശം പരിഗണനയിലുണ്ടെങ്കിലോ നടപ്പിലാക്കുന്ന സാഹചര്യത്തിലോ പാതയുടെ

മെച്ചപ്പെടുത്തൽ കണക്കിലെടുത്തോ ആക്സസ് പെർമിറ്റുകൾ അനുവദിക്കുന്നതിൽ ദേശീയപാത അതോറിറ്റി നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ട്. നിലവിൽ എൻ.എച്ച്. 66 തലപ്പാടി, കാസർഗോഡ് കിലോമീറ്റർ 17200 മുതൽ കഴക്കൂട്ടം കിലോമീറ്റർ 547.320 കേരളം തമിഴ്നാട് അതിർത്തിവരെ കിലോമീറ്റർ 43 വരെയുള്ള ദേശീയപാതയുടെ വീതി കൂട്ടലിന് എൻ.എച്ച്.എ.ഐ-യുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. അതുകൂടി കണക്കിലെടുത്താണ് ആക്സസ് പെർമിറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ എൻ.എച്ച്.എ.ഐ സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും എൻ.എച്ച്.എ.ഐ.-യുടെ ഇളവുകൾ ലഭിക്കുന്നതിനും സർക്കാർ തലത്തിൽ ഇടപെടൽ നടത്തുന്നതാണ്. സ്വകാര്യ കൺസൾട്ടൻസി ഏജൻസികൾ ആക്സസ് പെർമിറ്റ് ലഭിക്കുന്നതിനായി വൻതുക ഈടാക്കുന്ന പ്രശ്നം ബന്ധപ്പെട്ട കേന്ദ്ര മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

2. ആലത്തൂരിലെ ലാൻഡ് ട്രിബ്യൂണൽ പട്ടയം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ലാൻഡ് ട്രിബ്യൂണൽ

ഓഫീസിൽനിന്നും പട്ടയം ലഭിക്കാത്തതാണ് എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയം. ആലത്തൂർ താലൂക്കിൽ രണ്ട് ലാൻഡ് ട്രിബ്യൂണൽ ഓഫീസുകളാണ് മുമ്പുണ്ടായിരുന്നത്. ഒരു ഘട്ടം കഴിഞ്ഞപ്പോൾ അത് ഒന്നായി മാറി. പിന്നീട് അത് പാലക്കാട്ടേയ്ക്ക് മാറ്റി. അതിനുശേഷം ഒറ്റപ്പാലം താലൂക്ക് ആസ്ഥാനത്തേയ്ക്ക് മാറ്റി. ഇപ്പോൾ കുറച്ച് കാലമായി അത് പട്ടാമ്പിയിലേയ്ക്ക് മാറ്റപ്പെട്ടിരിക്കുകയാണ്. 70 കിലോ മീറ്ററിൽ അധികം ദൂരമുള്ള ഓഫീസാണ് പട്ടാമ്പി ലാൻഡ് ട്രിബ്യൂണൽ ഓഫീസ്. ആലത്തൂർ താലൂക്കിൽ ഉൾപ്പെട്ട പാവപ്പെട്ട കൂലിപ്പണിക്കാർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനവിഭാഗമാണ് ഏറ്റവും കൂടുതൽ അപേക്ഷകരായി ഇപ്പോൾ പെൻഡിംഗിലുള്ളത്. പട്ടാമ്പി ലാൻഡ് ട്രിബ്യൂണൽ ഓഫീസിൽ തീർപ്പാക്കാനുള്ള 11279 പട്ടയങ്ങളിൽ 7000 എണ്ണവും ആലത്തൂർ താലൂക്കിലുള്ളതാണ്. അതിൽ തന്നെ ഏറ്റവും കൂടുതലുള്ളത് ആലത്തൂർ നിയോജകമണ്ഡലം സ്ഥിതി ചെയ്യുന്ന ഏഴ് പഞ്ചായത്തിൽ നിന്നുള്ളവരാണ്. ശരാശരി ഒരു ദിവസം 150 മുതൽ 200 അപേക്ഷകൾ വീതം പുതിയതായി വന്നുകൊണ്ടിരിക്കുകയാണ്. ഈ

പ്രതിസന്ധിക്ക് ഒരു പരിഹാരം അടിയന്തരമായി കണ്ടെത്തേണ്ടതാണ്. യഥാർത്ഥത്തിൽ ആലത്തൂർ ആസ്ഥാനമായി ഒരു ലാൻഡ് ട്രിബ്യൂണൽ ഓഫീസ് അടിയന്തരമായി ആരംഭിക്കേണ്ടതാണ്. അത് ആരംഭിക്കാൻ ഇപ്പോൾ സാധിക്കില്ലെങ്കിൽ വളരെ പെട്ടന്നുതന്നെ പാലക്കാട് ട്രിബ്യൂണലുമായി ബന്ധപ്പെടുത്തി ആലത്തൂർ താലൂക്കിനെ കൈകാര്യം ചെയ്യണം. അതുപോലെ ഇപ്പോൾ കെട്ടികിടക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിനുവേണ്ടി എത്രയുംവേഗം ഒരാഴ്ചയോ, രണ്ടാഴ്ചയോ നീണ്ടുനിൽക്കുന്ന അദാലത്ത് സംഘടിപ്പിച്ചുകൊണ്ട് നിശ്ചിത ദിവസത്തിനകം ആലത്തൂർ താലൂക്കിലെ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. അതല്ലെങ്കിൽ ഓരോ മാസവും നിശ്ചിത ദിവസങ്ങളിൽ അദാലത്ത് സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ഇവിടെ ശ്രീ. കെ. ഡി. പ്രസേനൻ എം.എൽ.എ സൂചിപ്പിച്ച പ്രശ്നം വളരെ ഗൗരവത്തോടുകൂടിയാണ് റവന്യൂ വകുപ്പ് എടുത്തിട്ടുള്ളത്. ആലത്തൂർ താലൂക്ക്

പരിധിയിലെ താമസക്കാർക്ക് ഒറ്റപ്പാലത്തുള്ള പട്ടാമ്പി ലാൻഡ് ട്രിബ്യൂണലിലേയ്ക്ക് ഹിയറിംഗിന് എത്തിച്ചേരുന്നതിന് ഏറെ ദൂരം യാത്രചെയ്യേണ്ടതായുള്ള വിഷയം ഇതിനോടകംതന്നെ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒറ്റപ്പാലം-ആലത്തൂർ -മണ്ണാർക്കാട്-പട്ടാമ്പി താലൂക്കുകളിലായി ഒറ്റപ്പാലം ലാൻഡ് ട്രിബ്യൂണലാണ് നേരത്തെ ഉണ്ടായിരുന്നത്. ഈ ഓഫീസിൽ പതിനയ്യായിരത്തോളം കേസ്സുകളാണ് നേരത്തെ ഉണ്ടായിരുന്നത്. ഈ കേസുകൾ സമയബന്ധിതമായി തീർപ്പാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഒറ്റപ്പാലം ലാൻഡ് ട്രിബ്യൂണലിനെ വിഭജിച്ച് പട്ടാമ്പി-ആലത്തൂർ എന്നീ താലൂക്കുകൾക്കുവേണ്ടി 18-01-2019 -ലെ ജി.ഒ. നം.5/2019 ആർ.ഡി. പ്രകാരം 'പട്ടാമ്പി' എന്ന പേരിൽ ഒരു ലാൻഡ് ട്രിബ്യൂണൽ സ്ഥാപിച്ചത്. ഇപ്പോൾ പട്ടാമ്പി ലാൻഡ് ട്രിബ്യൂണലും യഥാർത്ഥത്തിൽ ഒറ്റപ്പാലം ലാൻഡ് ട്രിബ്യൂണലും ഒറ്റപ്പാലം മിനി സിവിൽ സ്റ്റേഷനിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. സ്ഥലസൗകര്യത്തിന്റെ പ്രശ്നം കൊണ്ടാണിത്. പാലക്കാട് ലാൻഡ് ട്രിബ്യൂണലിലെ കേസ്സുകളുടെ എണ്ണം പട്ടാമ്പി ലാൻഡ് ട്രിബ്യൂണലിനെ അപേക്ഷിച്ച് ഇപ്പോൾ വളരെ കുറവാണ്. ബഹുമാനപ്പെട്ട എം.എൽ.എ.

സൂചിപ്പിച്ചതുപോലെ പട്ടാമ്പി ലാൻഡ് ട്രിബ്യൂണലിൽ 11752 കേസുകളും പാലക്കാട് ലാൻഡ് ട്രിബ്യൂണലിൽ 3841 കേസ്സുകളുമാണുള്ളത്. ഈ സാഹചര്യത്തിൽ പട്ടാമ്പി ലാൻഡ് ട്രിബ്യൂണലിന്റെ അധികാര പരിധിയിൽനിന്ന് ആലത്തൂർ താലൂക്കിനെ വേർപെടുത്തി പാലക്കാട് ലാൻഡ് ട്രിബ്യൂണലിലേയ്ക്ക് ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. അതോടൊപ്പം ആലത്തൂരിൽ പുതിയ ലാൻഡ് ട്രിബ്യൂണലുകൾ ആരംഭിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്. ലാൻഡ് ട്രിബ്യൂണലുകൾക്ക് യഥാർത്ഥത്തിൽ അധികാര പരിധിക്കകത്ത് ഏതുസ്ഥലത്തുവച്ചും ക്യാമ്പ് സിറ്റിംഗുകൾ നടത്താം. പാലക്കാട്ടേയ്ക്ക് ആലത്തൂർ താലൂക്കിനെ കൂട്ടിചേർക്കുന്നതിനിടയിലുള്ള ഇടവേളയിൽ ആവശ്യമായി വന്നാൽ തീരുമാനമാകുന്നതുവരെ ആലത്തൂർ കേന്ദ്രമാക്കി ലാൻഡ് ട്രിബ്യൂണലിന്റെ ക്യാമ്പ് സിറ്റിംഗ് നടത്താനുള്ള നിർദ്ദേശവും ആലോചിച്ചുവരികയാണ്. ആലത്തൂർ താലൂക്കിലെ ട്രിബ്യൂണൽ കേസുകൾ തീർക്കാൻ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തി കുറെയേറെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നിർദേശം നൽകുമെന്നുകൂടി ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിക്കുകയാണ്.

3. മിഠായി ക്ലിനിക്കുകൾ ആരംഭിക്കൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മുടെ നാട്ടിൽ ടൈപ്പ്-1 പ്രമേഹ രോഗബാധിതരായ കുട്ടികളുടെ ചികിത്സാർത്ഥം എല്ലാ ജില്ലകളിലും മിഠായി ക്ലിനിക്കുകൾ ആരംഭിക്കുമെന്ന് സർക്കാർ നേരത്തെ പ്രഖ്യാപിച്ചിരുന്നു. Autoimmune disorder കാരണം ഇൻസുലിൻ ഉൽപാദിപ്പിക്കുന്ന പാൻക്രിയാസിലെ islets of Langerhans ഭാഗത്തുള്ള ബീറ്റാകോശങ്ങൾ പ്രവർത്തനരഹിതമാകുകയും നശിച്ചുപോകുകയും ചെയ്യുമ്പോഴാണ് ടൈപ്പ്-1 ജൂവനൈൽ പ്രമേഹത്തിന് കുട്ടികൾ ഇരകളാകുന്നത്. ഇത്തരം കുട്ടികളുടെ ചികിത്സാർത്ഥം സാമൂഹ്യ സുരക്ഷാ മിഷൻ ആര്യോഗ്യ വകുപ്പുമായി സഹകരിച്ച് ആരംഭിച്ച മിഠായി ക്ലിനിക്കുകൾ നിലവിൽ കേരളത്തിൽ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ മാത്രമാണുള്ളത്. ടൈപ്പ്-1 ഡയബറ്റീസ് ബാധിച്ച കുട്ടികളുടെ ചികിത്സാർത്ഥം എല്ലാ ജില്ലകളിലും മിഠായി ക്ലിനിക്കുകളുടെ സാറ്റലൈറ്റ് സെന്ററുകൾ ആരംഭിക്കുമെന്ന് 2019-ൽ സർക്കാർ പ്രഖ്യാപിച്ചിരുന്നെങ്കിലും ഈ അഞ്ച് മെഡിക്കൽ കേളേജുകളിൽ മാത്രമാണ് ഇപ്പോൾ ഇതുള്ളത്. ഇതിന്റെ പ്രശ്നമെന്തെന്നാൽ കോവിഡ് സാഹചര്യത്തിൽ ഈ കുട്ടികളെയും കൊണ്ട്

ദീർഘയാത്ര ചെയ്ത് മിഠായി ക്ലിനിക്കുകളിൽ എത്തി മരുന്ന് വാങ്ങുന്നത് വളരെയധികം പ്രയാസകരമാണ്. കാസർഗോഡുള്ള രോഗിയായ കുട്ടിയെയും കൊണ്ട് കിലോമീറ്ററുകൾ യാത്ര ചെയ്ത് കോഴിക്കോട് എത്തിയാണ് മരുന്നുകൾ വാങ്ങേണ്ടത്. ഷുഗർ ലെവലിൽ എപ്പോൾ വേണമെങ്കിലും ഏറ്റക്കുറച്ചിലുകൾ സംഭവിക്കുന്ന കുട്ടികളാണിവർ. ചികിത്സ തേടി കിലോ മീറ്ററുകൾ സഞ്ചരിച്ച് പോകുമ്പോൾ സമയത്ത് ഇൻസുലിൻ എടുക്കുന്നതിനോ, കൃത്യസമയത്ത് ഭക്ഷണം കഴിക്കുന്നതിനോ, സാധിക്കാറില്ല. ഇത് കുട്ടികൾക്ക് പലപ്പോഴും ആരോഗ്യപരമായ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ഇത്തരത്തിലുള്ള കുട്ടികൾക്ക് രോഗപ്രതിരോധശേഷി കുറവായതിനാൽ കോവിഡ് സാഹചര്യത്തിൽ ഇവരെ പുറത്തുകൊണ്ടുപോകുവാൻ പറ്റാത്ത സാഹചര്യമാണുള്ളത്. അതിനാൽ ഏറ്റവുമധികം കരുതലും, പരിചരണവും അർഹിക്കുന്ന ഈ കുട്ടികൾക്കുവേണ്ടി എല്ലാ ജില്ലാ ആശുപത്രികളിലും പറ്റുമെങ്കിൽ താലൂക്ക് ആശുപത്രികളിലും മിഠായി ക്ലിനിക്കുകളുടെ സാറ്റലൈറ്റ് സെന്ററുകൾ ആരംഭിക്കുന്നതിന് തയ്യാറാകണം. സർക്കാർ നേരത്തെ പ്രഖ്യാപിച്ച പദ്ധതിയാണിത്. എത്രയും പെട്ടെന്ന് അത് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴി ടൈപ്പ് - 1 പ്രമേഹം ബാധിച്ച കുട്ടികൾക്കും കൗമാരപ്രായക്കാർക്കും പരിചരണം നൽകുന്നതിനാരംഭിച്ച സമഗ്ര സാമൂഹികാധിഷ്ഠിത പദ്ധതിയാണ് മിഠായി പദ്ധതി. ടൈപ്പ്-1 പ്രമേഹരോഗം ബാധിച്ചവർക്ക് ഇൻസുലിൻ പെൻ, കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്റർ, ഇൻസുലിൻ പമ്പ് തുടങ്ങിയവ ഉപയോഗിച്ചുള്ള ആധുനിക ചികിത്സയും ഭക്ഷണകാര്യോപദേശങ്ങളും മറ്റ് പരിരക്ഷകളും നൽകുന്ന പദ്ധതിയാണിത്. കുട്ടികൾക്ക് കൗൺസിലിംഗും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യസുരക്ഷാ സംവിധാനങ്ങളുമുൾപ്പടെ 6 ഘട്ടങ്ങൾ ഉൾപ്പെട്ട ഒരു ബൃഹദ് പദ്ധതികൂടിയാണിത്. ഇതുവഴി ടൈപ്പ്-1 പ്രമേഹം ബാധിച്ച 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സേവനം നൽകുന്നുണ്ട്. പ്രത്യേക സോഫ്റ്റ്‌വെയർ വഴിയാണ് പദ്ധതിയുടെ രജിസ്ട്രേഷനും തുടർനടപടികളും സ്വീകരിച്ചുവരുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 2021-22 സാമ്പത്തികവർഷം സംസ്ഥാന സർക്കാർ 3.8 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുവരെ 1085 കുട്ടികൾക്ക് മിഠായി പദ്ധതി

കൈത്താങ്ങായിട്ടുണ്ട്. ഈ പദ്ധതിയിൽ കുട്ടികൾക്ക് നൽകുന്നത് വേദനയില്ലാത്തതും എളുപ്പം ഉപയോഗിക്കാൻ പറ്റുന്നതുമായ ആധുനിക പെൻ ഇൻസുലിനാണ്. നിലവിൽ പദ്ധതിയുടെ സേവനം ലഭ്യമായിട്ടുള്ളത് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് മെഡിക്കൽ കോളേജുകളിലാണ്. ഈ അഞ്ച് കേന്ദ്രങ്ങൾക്കുപുറമെ 9 കേന്ദ്രങ്ങളിൽക്കൂടി മിഠായി സാറ്റലൈറ്റ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റ് മെഡിക്കൽകോളേജ്-എറണാകുളം, ഗവൺമെന്റ് മെഡിക്കൽ കോളേജ് -കണ്ണൂർ, വിക്ടോറിയ ആശുപത്രി- കൊല്ലം, ജില്ലാ ആശുപത്രി -കോഴഞ്ചേരി (പത്തനംതിട്ട), താലൂക്ക് ആശുപത്രി- അടിമാലി (ഇടുക്കി), വുമൺ ആൻഡ് ചൈൽഡ് ആശുപത്രി പാലക്കാട്, ജില്ലാ ആശുപത്രി പെരുന്തൽമണ്ണ, മലപ്പുറം, ജനറൽ ആശുപത്രി- കൽപ്പറ്റ (വയനാട്), ജില്ലാ ആശുപത്രി- കാഞ്ഞങ്ങാട് (കാസർഗോഡ്) എന്നീ ആശുപത്രികളെയാണ് ഇതിലേയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ടൈപ്പ് -1 പ്രമേഹ ബാധിതരായ കുട്ടികളുടെ ആരോഗ്യവും അവരുടെയും രക്ഷിതാക്കളുടെയും ക്ലിനിക് സന്ദർശനത്തിലുള്ള ബുദ്ധിമുട്ടുകളും

കണക്കിലെടുത്ത് ആവശ്യമായ മരുന്നും ചികിത്സാ ഉപകരണങ്ങളും അവരുടെ വീട്ടുകളിലേയ്ക്ക് എത്തിച്ചുകൊടുക്കുന്ന വാതിൽപ്പടി സേവനം ലഭ്യമാക്കിയിരുന്നു. കോവിഡ് കാലഘട്ടത്തിൽ മേൽസൂചിപ്പിച്ച ആശുപത്രികളിൽ ഭൂരിഭാഗവും താൽക്കാലികമായി കോവിഡ് ചികിത്സാ കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്തിരുന്നു. പ്രസ്തുത കാരണങ്ങളാൽ തന്നെയാണ് മിഠായി സാറ്റലൈറ്റ് സെന്ററുകൾ ഇതുവരെ അവിടെ ആരംഭിക്കാൻ സാധിക്കാതിരുന്നത്. ക്ലിനിക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കാവശ്യമായ തുക ഓരോ സാറ്റലൈറ്റ് സെന്റർ ആശുപത്രി സൂപ്രണ്ടിന്റെ അക്കൗണ്ടിലേയ്ക്കും അഡ്വാൻസായി നൽകിക്കഴിഞ്ഞിട്ടുണ്ട്. മിഠായി സാറ്റലൈറ്റ് സെന്റർ പീഡിയാട്രീഷ്യൻസിന് മിഠായി പദ്ധതിയെക്കുറിച്ച് ട്രെയിനിംഗും പൂർത്തീകരിച്ചിട്ടുണ്ട്. സാറ്റലൈറ്റ് സെന്ററുകൾ ആരംഭിക്കുന്നതിനാവശ്യമായ ഫാർമസി റെഫ്രിജറേറ്റർ ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. സാറ്റലൈറ്റ് സെന്ററുകളിൽ ആവശ്യമായ മരുന്നും മറ്റ് ചികിത്സാ ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. (കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡ്) മുഖേന വാങ്ങുന്നതിന് പർച്ചേസ് ഓർഡറും നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് കോവിഡ് -19 രോഗവ്യാപനം

കുറഞ്ഞിട്ടുള്ള സാഹചര്യത്തിൽ 2022 ഏപ്രിൽ രണ്ടാം വാരത്തോടുകൂടി മിഠായി സാറ്റലൈറ്റ് സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതോടെ കേരളത്തിലെ എല്ലാ ജില്ലകളിലും മിഠായി ക്ലിനിക്കുകളുടെ സേവനം ലഭ്യമാക്കാനാകും.

4. ആലപ്പുഴയിലെ കുടിവെള്ളക്ഷാമം

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ആലപ്പുഴ ജില്ലയിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമമാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി തലത്തിലും അതിനുശേഷം നിയോജകമണ്ഡലാടിസ്ഥാനത്തിൽ നാലുതവണ ഞാൻ തന്നെ പങ്കെടുത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയെല്ലാം യോഗം ചേർന്നിരുന്നു. പടിഞ്ഞാറ് കടലിന്റെയും കിഴക്ക് കായലിന്റെയുമിടയിൽ സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണെങ്കിലും പലയിടത്തും വെള്ളം ലഭിക്കാത്ത ദുരവസ്ഥയാണ്. വെള്ളം കിട്ടാതെ ജനങ്ങൾ പ്രയാസപ്പെടുകയാണ്. മാത്രമല്ല ജലജീവൻ മിഷനുമായി ബന്ധപ്പെട്ട് നൂറുകണക്കിന് വീടുകളിൽ കണക്ഷനുകളെത്തിയിട്ടുണ്ടെങ്കിലും അവിടെ വെള്ളമില്ല. പക്ഷേ ബിൽ കൃത്യമായി വരുന്നുണ്ട്. വല്ലാത്തൊരു ദുരവസ്ഥയാണ്

നേരിട്ടുകൊണ്ടിരിക്കുന്നത്. ആലപ്പുഴ നഗരത്തിന്റെ കിഴക്കൻ പ്രദേശമായ നെഹ്റു ട്രോഫി വാർഡ്, സാധാരണക്കാരായ കർഷക തൊഴിലാളികളും പട്ടികജാതി ജനവിഭാഗങ്ങളുമടക്കം ദുർബ്ബല ജലവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. കുടിവെള്ളം കിട്ടാത്തതിന്റെ ഫലമായി കായലിലെയും തോട്ടിലെയും മലിനജലം ഉപയോഗിക്കേണ്ട ദുരവസ്ഥയാണ് അവർ നേരിട്ടുകൊണ്ടിരിക്കുന്നത്. അതുപോലെത്തന്നെയാണ് ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് തുടങ്ങിയ പ്രദേശങ്ങളിൽ ഒരുതുള്ളി വെള്ളംപോലും ലഭിക്കുന്നില്ലെന്നുള്ളതാണ് ഇന്നത്തെ അവസ്ഥ. അടിയന്തരമായി ഈ വിഷയത്തിന് പരിഹാരമുണ്ടാക്കണം. വേനൽ രൂക്ഷമാകുന്നതിനുമുമ്പ് ഇതാണവസ്ഥയെങ്കിൽ വരുംദിനങ്ങളിൽ എന്തായിരിക്കുമെന്നുള്ള ഉത്കണ്ഠയാണുള്ളത്. പഞ്ചായത്തുകൾ ചില സംവിധാനങ്ങൾ ഏർപ്പെടുത്തി വണ്ടികളിലെല്ലാം വെള്ളം എത്തിക്കുന്നുണ്ടെങ്കിലും ജനങ്ങളുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ ശുദ്ധജലം ലഭിക്കാത്ത പ്രയാസമാണ് അവരനുഭവിക്കുന്നത്. പലരും വാട്ടർ അതോറിറ്റി ആഫീസിനുമുന്നിൽ കുത്തിയിരുന്ന് സമരം ചെയ്യുന്ന അവസ്ഥവരെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിരൂക്ഷമായ,

കുടിവെള്ളം ലഭിക്കാത്ത പ്രശ്നം വളരെ ഗൗരവമായിക്കണ്ട് തീരുമാനങ്ങളെടുക്കാറുണ്ട്. നിർഭാഗ്യമെന്നുപറയട്ടെ ആലപ്പുഴയിലെ വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥർ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ലെന്ന വലിയ ആക്ഷേപമാണ് ജനങ്ങളുടെയിടയിലടക്കമുള്ളത്. അതുകൊണ്ട് ഗുരുതരമായ ഈ സാഹചര്യത്തിന് പരിഹാരമുണ്ടാക്കാൻ, ജനങ്ങൾക്ക് ശുദ്ധജലമെത്തിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ അടിയന്തരമായി ഇടപെടണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ആലപ്പുഴ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം സംബന്ധിച്ച വിഷയമാണ് ശ്രീ. പി. പി. ചിത്തരഞ്ജൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. ഇവിടെ പറഞ്ഞ വിഷയങ്ങളെല്ലാം സ്വാഭാവികമായും ചില തീരുമാനങ്ങളെടുത്ത് നടപ്പിലാക്കുന്നതിൽ വന്നതിലുള്ള കാലതാമസം ഉൾപ്പെടെ പരിശോധിക്കുന്നതാണ്. മാത്രമല്ല, ജലജീവൻ മിഷനിലൂടെ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ പൂർത്തീകരണ കാലയളവിനുവേണ്ടി ഒന്നുരണ്ട് വർഷം കൂടി നമുക്ക്

കാത്തിരിക്കേണ്ടിവരും. കേരളത്തിൽ പൊതുവെ ഉണ്ടായിരുന്ന കണക്ഷനേക്കാൾ നാലിരട്ടി കണക്ഷൻ വരുന്ന രണ്ടുവർഷം കൊണ്ട് നടപ്പിലാക്കുന്നതിനുവേണ്ട പരിശ്രമത്തിൽ പലപ്പോഴും കുടിവെള്ളം ലഭിക്കുന്നതിനുള്ള ഷോർട്ടേജുകൾ രൂപപ്പെട്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല, ഇത്തരം കാര്യങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള മീറ്റിംഗുകൾ മന്ത്രിതലത്തിലും എം.എൽ.എ. എന്ന നിലയിൽ ബഹുമാനപ്പെട്ട അംഗവും കളക്ടറേറ്റുകളിൽ വിളിച്ചുചേർത്തെങ്കിലും അതൊന്നും പൂർണ്ണമായ അർത്ഥത്തിൽ ഫലപ്രദമാകാൻ കഴിഞ്ഞില്ലെന്നുള്ളതാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചതിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. ഹ്രസ്വകാലമായി പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങൾക്ക് അങ്ങനെ പരിഹാരം കണ്ടെത്താനും എല്ലാവരുടെയും ശ്രദ്ധയോടുകൂടി ഇക്കാര്യം പരിഹരിക്കാനാവശ്യമായ നടപടി മുന്നോട്ടുകൊണ്ടുപോകാനാണ് ആഗ്രഹിക്കുന്നത്. നാളെ വൈകുന്നേരം നിയമസഭാസമ്മേളനത്തിനുശേഷം ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പങ്കെടുത്തുകൊണ്ട് നിയമസഭാ സാമാജികരുമായി ഒരു ആശയസംവാദം ആർ.ശങ്കരനാരായണൻ തമ്പി

മെമ്പേഴ്സ് ലോഞ്ചിൽ ചേരുന്നുണ്ട്. എല്ലാ അംഗങ്ങളും അതിൽ പങ്കെടുത്ത് അവരുടെ വിഷയങ്ങൾക്കാവശ്യമായ സംശയദൂരീകരണത്തിന് പ്രയോജനപ്പെടുത്തണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. ആലപ്പുഴ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ മണ്ണഞ്ചേരി, ആര്യാട്, മാരാരിക്കുളം തെക്ക്, മാരാരിക്കുളം വടക്ക്, ഇതിൽ മാരാരിക്കുളം വടക്ക് പഞ്ചായത്തിൽ 2012-ൽ കമ്മീഷൻ ചെയ്ത 107 എം.എൽ.ഡി.(millions of liter per day) ശേഷിയുള്ള ചേർത്തല കുടിവെള്ള പദ്ധതിയിൽനിന്നും പഞ്ചായത്തിനാവശ്യമായ 3 എം.എൽ.ഡി. ശുദ്ധജലവിതരണം നടത്തുന്നു. ആലപ്പുഴ നിയോജകമണ്ഡലത്തിൽ നാളിതുവരെ നൽകിയ ഗാർഹിക കുടിവെള്ള കണക്ഷന്റെ വിശദാംശങ്ങൾ ഞാൻ വായിക്കുന്നില്ല. ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മണ്ണഞ്ചേരി, ആര്യാട്, മാരാരിക്കുളം പഞ്ചായത്തുകളിൽ കുഴൽക്കിണർ സ്കീമുകളിൽനിന്നും ആലപ്പുഴ കുടിവെള്ള പദ്ധതികളിൽനിന്നും ജലവിതരണം നടത്തുന്നുണ്ട്. ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ ശേഷി 62 എം.എൽ.ഡി. ആണെങ്കിലും തകഴി, കേളമംഗലം ഭാഗത്ത് നിരന്തരം 1000mm എച്ച്.ഡി.പി.ഇ. (High-density polyethylene) പൈപ്പ് പൊട്ടുന്നതിനാൽ 20 എം.എൽ.ഡി. മാത്രമാണ്

നിലവിൽ ഉല്പാദിപ്പിക്കുന്നത്. തകഴി, കേളമംഗലം ഭാഗത്ത് നിരന്തരമുള്ള പൈപ്പ് പൊട്ടലിന് ശാശ്വത പരിഹാരം കാണുന്നതിന് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽനിന്ന് 1000mm എച്ച്.ഡി.പി.ഇ. പൈപ്പ് മാറ്റി 900mm എം.എസ്. പൈപ്പ് സ്ഥാപിക്കുന്ന ജോലികൾ 2022 ഫെബ്രുവരി 10-ാം തീയതി മുതൽ ആരംഭിച്ച് പുരോഗമിക്കുന്നു. ടി പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി 22 മാർച്ച് 31-ന് പൂർത്തിയാകുന്നതോടെ ആലപ്പുഴ കുടിവെള്ള പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുന്നതാണ്. ഇതോടെ മണ്ണഞ്ചേരി, ആര്യാട്, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിൽ നിലവിലുള്ള സംവിധാനത്തിലൂടെ പരമാവധി കുടിവെള്ളം നൽകാൻ സാധിക്കുന്നതാണ്. തകഴി-കേളമംഗലം റോഡിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന കാലയളവിൽ പമ്പിംഗ് തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിന് പദ്ധതിപ്രദേശത്ത് പുതിയ 12 കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതിന് 1,64,00,000 രൂപ ഭൂജല വകുപ്പിന് കേരള വാട്ടർ അതോറിറ്റി അടച്ചിട്ടുണ്ട്. കുഴൽക്കിണർ നിർമ്മാണത്തിന് ഭൂജല വകുപ്പ് ടെണ്ടർ ക്ഷണിച്ചെങ്കിലും സാങ്കേതിക കാരണങ്ങളാൽ എഗ്രിമെന്റ് വച്ച് പണികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. അത് എത്രയുംപെട്ടെന്ന്

നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കാനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്. ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ 212 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2017-ൽ കമ്മീഷൻ ചെയ്ത 62 ദശലക്ഷം ശേഷിയുള്ള ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ ഭാഗമാണിത്. ഇതിന്റെ ഭാഗമായി മാരാരിക്കുളം പഞ്ചായത്തിലെ ഉന്നതതല സംഭരണിയുടെ പണി പുരോഗമിച്ചുവരുന്നു. മണ്ണഞ്ചേരി, ആര്യാട് പഞ്ചായത്തുകളിൽ ഉന്നതതല സംഭരണിക്കായി കണ്ടെത്തിയ സ്ഥലം ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ 29-11-2021-ലെ യോഗത്തിൽ നിർദ്ദേശിച്ച പ്രകാരം മണ്ണഞ്ചേരി പഞ്ചായത്തിലും ആര്യാട് പഞ്ചായത്തിലും അനുയോജ്യമായ സ്ഥലം കണ്ടെത്തി പഞ്ചായത്ത് മുഖേന ഏറ്റെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഉന്നതതല ജലസംഭരണിക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലവിളംബം കൂടാതെ പഞ്ചായത്ത് മുഖേന സ്ഥലം ലഭ്യമായാൽ 2023-ഓടുകൂടി ഈ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന്

പ്രതീക്ഷിക്കുന്നു. ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 2024-ഓടെ എല്ലാ ഭവനങ്ങളിലും ശുദ്ധജലമെത്തിക്കുന്നതിനായി ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം സൗത്ത്, മാരാരിക്കുളം നോർത്ത് എന്നീ പഞ്ചായത്തുകൾക്കായി 18311 എണ്ണം ഫംഗ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുവേണ്ടി 2419.33 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും ഇതിൽ 14804 എണ്ണം കുടിവെള്ള കണക്ഷൻ നൽകിയിട്ടുള്ളതുമാണ്. കൂടാതെ 10676 എണ്ണം കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ അംഗീകാരം ഇതിനോടകംതന്നെ നൽകിയിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയം എല്ലാ നിയോജകമണ്ഡലങ്ങളെയും ബാധിക്കുന്ന പൊതുപ്രശ്നമായി തന്നെയാണ് കാണുന്നത്. സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതിനുവേണ്ടി ശ്രമിക്കുന്നു. എം.എൽ.എ.മാരും അക്കാര്യത്തിൽ ജാഗ്രത പുലർത്തണം. ഈ കാലയളവിൽ കഴിയുന്നത്ര സാഹചര്യങ്ങളെ പ്രയോജനപ്പെടുത്താൻ നമുക്ക് ശ്രദ്ധിക്കാം. എടുത്തിട്ടുള്ള തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അത് ഗൗരവപൂർവ്വം അന്വേഷിക്കും. ഇവിടെ സബ്മിഷനായി ഉന്നയിച്ച വിഷയം അതീവ ഗൗരവമായിത്തന്നെ കാണും. ബില്ലുകൾ നൽകിയതിൽ

അപാകതയുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കുന്നതാണ്.

5. കടലാക്രമണം തടയുന്നതിന് നടപടി

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കേരളത്തിലെ ഏറ്റവും വലിയ തീരദേശമണ്ഡലങ്ങളിലൊന്നാണ് കയ്പമംഗലം. ഈ നിയോജകമണ്ഡലത്തിലെ 7 ഗ്രാമപ്രദേശങ്ങളും തീരപ്രദേശത്താണ്. എറിയാട്, എടവിലങ്ങ്, ശ്രീനാരായണപുരം, മതിലകം എന്നീ ഗ്രാമപഞ്ചായത്തുകൾ നിരന്തരം രൂക്ഷമായ കടലാക്രമണം നേരിടുന്ന പഞ്ചായത്തുകളാണ്. അവിടത്തെ കടൽ ഭിത്തികളെല്ലാം തകർന്നുപോയിട്ടുണ്ട്. ഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ സ്വാഭാവികമായും തിരമാലകളടിച്ച് വീടുകൾ തകർന്നുപോകുകയും കിലോമീറ്ററുകളോളം ദൂരത്തിൽ ഉപ്പും ചെളിയും കലർന്ന വെള്ളം കയറുകയും കൃഷിയും വീട്ടുപകരണങ്ങളും ശുദ്ധജലവും റോഡുകളുമുൾപ്പെടെ നശിച്ചുപോകുന്ന സ്ഥിതി സംജാതമാകുകയുമാണ്. ഒരായുസ്സുകൊണ്ട് ഉണ്ടാക്കിയതെല്ലാം ഒരു നിമിഷം കൊണ്ട് തകർന്നുപോകുന്ന കാഴ്ച അത്യന്തം വേദനാജനകമാണ്. വലിയ പാറകളുടെ ക്ഷാമവും ക്വാറി സംബന്ധിച്ച പ്രശ്നങ്ങളുമെല്ലാം നമ്മൾ

നേരിടുന്ന പ്രശ്നങ്ങളാണെന്ന് തിരിച്ചറിവുണ്ട്. എന്നാൽ തീരപ്രദേശത്തെ ആളുകളെ ഇതിൽനിന്നും രക്ഷിക്കേണ്ട കടമ സർക്കാരിനുണ്ട്. ഫിഷറീസ് ഡിപ്പാർട്ട്മെന്റ് നടപ്പാക്കുന്ന 'പുനർഗേഹം പദ്ധതി' വളരെ സഹായകമാണ്. തീരപ്രദേശത്തെ ഈ ഗുരുതരാവസ്ഥ മനസ്സിലാക്കി സംസ്ഥാന സർക്കാർ ഹോട്ട്സ്പോട്ടിൽ കയ്പമംഗലത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുത്തി ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവർത്തനത്തിന് വേണ്ടത്ര വേഗത പോരായെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഹൈഡ്രോഗ്രാഫിക് സർവ്വേ ഡാറ്റ തുടങ്ങിയതെല്ലാം ലഭ്യമാകാത്തത് ഇതിന് തടസ്സമായിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. മൺസൂൺകാലം അടുക്കാറായി. ഒന്നുരണ്ട് മാസങ്ങൾക്കുള്ളിൽ ശക്തമായ കടലാക്രമണമുണ്ടാകുമ്പോൾ വലിയ രീതിയിലുള്ള പ്രതിഷേധം ഉയർന്നുവരുന്ന തീരപ്രദേശത്തെ രക്ഷിക്കാൻ വേണ്ട നടപടിയെന്ന നിലയിൽ ഹോട്ട്സ്പോട്ട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ച് ഭിത്തി നിർമ്മിക്കുന്നതിന് അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ആദ്യമായിട്ടല്ല ഈ വിഷയം സഭയിൽ കൊണ്ടുവരുന്നത്. അദ്ദേഹം നിരന്തരമായി ആവശ്യപ്പെടുന്നതിന്റെ ഗൗരവം എല്ലാ അർത്ഥത്തിലും ഗവൺമെന്റ് ഉൾക്കൊണ്ടിട്ടുണ്ട്. ഹോട്ട്സ്പോട്ടുകളെ നിശ്ചയിക്കുന്ന സമയത്ത് ഈ മേഖല ഹോട്ട്സ്പോട്ടിന്റെ ഭാഗമായി ആദ്യം നിശ്ചയിച്ചിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ ആവശ്യം പരിഗണിച്ചുകൊണ്ടും അതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ടുമാണ് ഹോട്ട്സ്പോട്ടായി കയ്പമംഗലം മേഖലയെ ഉൾപ്പെടുത്തുവാനായി തീരുമാനിച്ചത്. സമീപകാലങ്ങളിൽ കാണുന്ന ഒരു പ്രത്യേകത കടലാക്രമണത്തിന്റെ തോതിൽ വലിയ വർദ്ധനവാണ് കാണുന്നത്. തൃശ്ശൂർ ജില്ലയിലെ തീരപ്രദേശത്ത് കയ്പമംഗലം ഭാഗത്ത് പ്രസ്തുത മേഖലയിൽ 2018 മുതൽ 2021 വരെ റബിൾ മൗണ്ട് വാളിന്റെ പ്രവൃത്തികൾക്കായി 59.10 ലക്ഷം രൂപയും താൽക്കാലിക സംരക്ഷണോപാധിയെന്ന നിലയിൽ ജിയോബാഗ് ഉപയോഗിച്ചുള്ള 18 പ്രവൃത്തികൾക്കായി 248.75 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്ന് തുടർച്ചയായി ഉണ്ടാകുന്ന കടൽക്ഷോഭത്തെയും വേലിയേറ്റത്തെയും

പ്രതിരോധിക്കുന്നതിനായി ജിയോബാഗുകൾ ഉപയോഗപ്പെടുത്തി അടിയന്തര കടൽഭിത്തിയുടെ നിർമ്മാണം വിവിധയിടങ്ങളിലായി നിർമ്മിച്ചുവെങ്കിലും വ്യാപകമായ കടൽക്ഷോഭത്തെ പ്രതിരോധിക്കാൻ ഒരു പരിധിവരെ മാത്രമേ സാധിച്ചിട്ടുള്ളൂ. പ്രസ്തുത പ്രദേശത്ത് മുൻകാലങ്ങളിൽ പഠനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസവും കാരണം തീരത്തിന്റെ ഘടനയ്ക്ക് സാരമായ മാറ്റം സംഭവിച്ചിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. ആയതുകൂടി പരിഗണിച്ച് അടിക്കടിയുണ്ടാകുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റുംമൂലം ഉണ്ടാകുന്ന കടലാക്രമണത്തെക്കൂടി ചെറുക്കാൻ കഴിയുന്ന അനുയോജ്യമായ നിർമ്മിതികൾ അവലംബിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കുന്നു. ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി കേന്ദ്ര ഭൗമമന്ത്രാലയത്തിന് കീഴിലുള്ള തീരപഠന ഗവേഷണ സ്ഥാപനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്, ചെന്നൈ എന്ന വിദഗ്ദ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്താൻ സംസ്ഥാന ജലവിഭവ വകുപ്പും പ്രസ്തുത സ്ഥാപനവും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പഠനത്തിനായി

തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന കയ്പമംഗലം നിയോജകമണ്ഡലത്തിലെ കൊടുങ്ങല്ലൂർ പ്രദേശം ഹോട്ട്സ്പോട്ടുകളുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനം പൂർത്തിയാക്കിയാൽ മാത്രമേ നിലവിലെ സാഹചര്യത്തിൽ ഓരോ പ്രദേശത്തിനും അനുയോജ്യമായ കടലാക്രമണ പ്രതിരോധ പ്രവൃത്തി ഏറ്റെടുക്കാനാവൂ എന്നത് തിരിച്ചറിയേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. നമ്മുടെ തീരദേശം ഏകദേശം 566 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്നു. 9 തീരങ്ങളിലാണ് ഇതിന്റെ രൂക്ഷത കാണാൻ കഴിയുന്നത്. ഹോട്ട്സ്പോട്ടുകൾക്കുവേണ്ടിയുള്ള പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ട്. ചെല്ലാനത്ത് 340 കോടി രൂപയുടെ ഭരണാനുമതി കൊടുത്ത് ആദ്യഘട്ട പ്രവൃത്തിക്ക് തുടക്കം കുറിച്ചിരിക്കുന്നു. ഈ മന്ത്രിസഭയുടെ കാലഘട്ടത്തിൽതന്നെ 5400 കോടി രൂപ ഇതിന് വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 1500 കോടി രൂപ ഈ സാമ്പത്തിക വർഷം തന്നെ വകയിരുത്തിയിട്ടുണ്ട്. എൻ.സി.സി.ആർ. -ന്റെ റിപ്പോർട്ട് വരുന്ന മുറയ്ക്ക് കയ്പമംഗലത്ത് പെർമെനന്റായ നടപടി സ്വീകരിക്കാൻ കഴിയും. എങ്കിൽപ്പോലും ഇവിടെ സൂചിപ്പിച്ചതിന്റെ ഗൗരവം

മനസ്സിലാക്കി ആവശ്യമായ മേഖലയിൽ വരുന്ന അടിയന്തര വിഷയം പരിഹരിക്കാൻ ജിയോബാഗുകളോ അനന്തര നടപടികളോ ആവശ്യമാണെങ്കിൽ, അടുത്ത കാലവർഷമോ അതിരൂക്ഷമായ കടലാക്രമണമോ ഉണ്ടാകുന്നതിന് മുമ്പോ ആ മേഖലയെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതായിരിക്കും.

6. നെൽകൃഷി നാശത്തിന് നഷ്ടപരിഹാരം

ശ്രീ. മുരളി പെരുനെല്ലി: സർ, നമുക്ക് അന്നം തരുന്ന നെൽ കർഷകർക്ക് ഈ സീസണിലുണ്ടായ ഉൽപ്പാദനത്തിൽ ഭീമമായ നഷ്ടത്തിന് അടിയന്തര സഹായം നൽകണമെന്നാണ് ഈ സബ്മിഷൻ വഴി ഉന്നയിക്കുന്നത്. തൃശ്ശൂർ ജില്ലയിലെ കോൾനിലങ്ങളിലും കോൾ ഇതര മേഖലകളിലും മുമ്പൊരു കാലത്തും ഉണ്ടാകാത്തവിധം ഈ വർഷം വൻ വിളനഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. ബാക്ടീരിയൽ ലീഫ് ബ്ലൈറ്റ് രോഗംമൂലമാണ് ഇതെന്നാണ് കൃഷി വകുപ്പ് പറയുന്നത്. ഞങ്ങളുടെ ഇടപെടൽമൂലം കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധന്മാരെല്ലാം പാടശേഖരങ്ങൾ സന്ദർശിക്കുകയും ഇതിന് പരിഹാരമായി പല

നിർദ്ദേശങ്ങളും മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. അതെല്ലാം വിവിധ പാടശേഖരങ്ങളിൽ നടപ്പാക്കിയെങ്കിലും ഇതിന് പരിഹാരമുണ്ടായില്ല എന്നതാണ് വസ്തുത. കഴിഞ്ഞ വർഷം ലഭിച്ച വിളവിന്റെ 50 ശതമാനത്തിലേറെ വരുന്ന നഷ്ടം വിവിധ പാടശേഖരങ്ങളിൽ കർഷകർക്ക് സംഭവിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലമുൾപ്പെടെ 232 ഏക്കർ വരുന്ന പാടശേഖരങ്ങളിൽ, ജില്ലയിൽത്തന്നെ ഏറ്റവും ഉയർന്ന വിളവ് നൽകുന്നതാണ് മധൂക്കര വടക്കേ കോൾ പാടശേഖരം. കഴിഞ്ഞ വർഷം ഈ പാടശേഖരത്തിൽ 645 ടൺ നെല്ല് ലഭിച്ച സ്ഥാനത്ത് ഈ വർഷം ലഭിച്ചത് കേവലം 179 ടൺ മാത്രമാണ്. 75 ശതമാനത്തോളം വരുന്ന വിളനഷ്ടമാണ് കൃഷിക്കാർക്ക് ഈ പാടശേഖരത്തിലുണ്ടായത്. ഇത് പൊതുവായി പല പാടശേഖരങ്ങളിലും അനുഭവപ്പെടുന്ന ഒരു വിഷയമാണ്. ഉത്പാദനച്ചെലവുപോലും കൃഷിക്കാർക്ക് ലഭിച്ചില്ല എന്നതാണ് യഥാർത്ഥമായിട്ടുള്ള വസ്തുത. ശാസ്ത്രീയമായി ഇതിന് കാരണമെന്താണെന്ന് ഇതുവരെ കൃഷിക്കാർക്ക് ബോദ്ധ്യം വന്നിട്ടില്ല. ഉത്പാദനത്തിൽ മുമ്പെങ്ങുമില്ലാത്തവിധം ഉണ്ടായ കുറവിന് അടിയന്തരമായി നഷ്ടപരിഹാരം കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ്

ഈ സബ്മിഷൻ വഴി ഉന്നയിക്കുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, തൃശ്ശൂരിൽ പ്രത്യേകിച്ച് മണലൂരിലെ കോൾ മേഖലയിലെ നെൽകൃഷിക്കുണ്ടായ കീടബാധയുടെ കാര്യമാണ് ബഹുമാനപ്പെട്ട അംഗം മുരളി പെരുനെല്ലി ഇവിടെ സബ്മിഷനിലൂടെ ഉന്നയിച്ചത്. തൃശ്ശൂർ ജില്ലയിൽ 21250 ഹെക്ടറിൽ നെൽകൃഷി ചെയ്തുവരുന്നുണ്ട്. ഈ വർഷത്തെ മുണ്ടകൻ സീസണിൽ പാടശേഖരങ്ങളിൽ വ്യാപകമായി ബാക്ടീരിയമൂലമുള്ള ഇല കരിച്ചിൽ (ബാക്ടീരിയൽ ലീഫ് ബ്ലൈറ്റ്), കുമിൾ ബാധമൂലം നെന്മണികളിൽ നിറവ്യത്യാസം, പോളരോഗം, തവിട്ട് പുള്ളിക്കുത്ത് എന്നീ രോഗങ്ങൾ കാണുകയുണ്ടായി. രോഗബാധയുടെ ലക്ഷണങ്ങൾ പാടത്ത് കണ്ടപ്പോൾ തന്നെ കേരള കാർഷിക സർവ്വകലാശാലയുടെ ശാസ്ത്രജ്ഞരും കൃഷി വകുപ്പിന്റെ ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം രൂപീകരിക്കുകയും പ്രസ്തുത സംഘം നവംബർ, ഡിസംബർ മാസങ്ങളിൽ രോഗബാധയേറ്റ എല്ലാ പാടശേഖരങ്ങളും സന്ദർശിച്ച് അവലോകനം നടത്തുകയും ചെയ്തിട്ടുണ്ട്. സ്ഥലപരിശോധനയുടെയും കർഷകരുമായിട്ടുള്ള ആശയവിനിമയത്തിന്റെയും വിളയുടെ രോഗലക്ഷണങ്ങൾ അവലോകനം

ചെയ്യതിന്റെയും അടിസ്ഥാനത്തിൽ ഉയർന്ന അന്തരീക്ഷ ആർദ്രതയും മണ്ണിലെ കൂടിയ അമ്ലത്വവും പൊട്ടാഷ് മൂലകത്തിന്റെ അഭാവവും കുമ്മായപ്രയോഗത്തിന്റെ അപര്യാപ്തതയുമാണ് നെല്ലിലെ ഈ രോഗങ്ങൾക്ക് കാരണമെന്ന് നിഗമനത്തിലെത്തുകയുണ്ടായി. രോഗബാധയുണ്ടായിട്ടുള്ള പാടശേഖരങ്ങളിൽ രോഗതീവ്രതയനുസരിച്ച് 80 ശതമാനം മുതൽ 100 ശതമാനംവരെ വിളവിൽ നഷ്ടമുണ്ടാകാമെന്ന് വിദഗ്ദ്ധരുടെ സംഘം വിലയിരുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ മണലൂർ നിയോജകമണ്ഡലത്തിൽ മുല്ലശ്ശേരി, വെങ്കിടങ്ങ്, കണ്ടാണശ്ശേരി, ചൂണ്ടൽ, അരിമ്പൂർ എന്നീ പഞ്ചായത്തുകളിലെ 17 പാടശേഖരങ്ങളിൽ 863.068 ഹെക്ടർ പ്രദേശത്ത് 1165 നെൽകർഷകർക്കാണ് രോഗബാധമൂലം വിളനാശം സംഭവിച്ചത്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ഇതിനോടൊപ്പം ചേർത്തിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെൽകൃഷിക്കുണ്ടാകുന്ന കീടരോഗ ബാധ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം സ്വീകരിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നതാണ്. കൂടാതെ ശാസ്ത്രജ്ഞരടങ്ങിയ വിദഗ്ദ്ധ സംഘം രോഗബാധയ്ക്കെതിരെയുള്ള നിയന്ത്രണമാർഗ്ഗങ്ങളും മുൻകരുതൽ

നടപടികളും ശിപാർശ ചെയ്തിട്ടുണ്ട്. ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ രോഗബാധ നിയന്ത്രിക്കുന്നതിനായി സ്യൂഡോമോണസ്, കോസൈഡ്, കെ-സൈക്ലിൻ എന്നിവ ചെടികളിൽ തളിക്കുകയും ബ്ലീച്ചിംഗ് പൗഡർ പ്രയോഗം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്ന ചെലവിനത്തിൽ 8.23575 ലക്ഷം രൂപ തൃശ്ശൂർ ജില്ലയ്ക്ക് കണ്ടിജൻസി പ്രോഗ്രാം ടു മീറ്റ് പെസ്റ്റ് ആൻഡ് ഡിസീസ് എൻഡമിക് 2021-22 എന്ന പദ്ധതിയിൽ നിന്ന് പ്രത്യേകമായി അനുവദിക്കുകയുണ്ടായി. ആയതിൽ നിന്നും 2.769 ലക്ഷം രൂപ മണലൂർ നിയോജകമണ്ഡലത്തിലെ പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് വിനിയോഗിച്ചിട്ടുള്ളത്. സാധ്യമായ എല്ലാ സഹായങ്ങളും അവിടെ ചെയ്യുന്നതാണ്.

7. ഭൂമിക്ക് പരിവർത്തനാനുമതി

ശ്രീ. മോൻസ് ജോസഫ്: സർ, കടുത്തുരുത്തിയിൽ വിവിധ സർക്കാർ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സർക്കാർ സഹായത്തോടെ വിലകൊടുത്തുവാങ്ങിയ ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുവാദം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കൃഷി - റവന്യൂ വകുപ്പുതലങ്ങളിൽ പ്രാദേശിക

നിരീക്ഷക സമിതിയുടെ നേതൃത്വത്തിൽ നിവേദനം സമർപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കിയപ്പോൾ ബില്ലിന്റെ എട്ടാം ഖണ്ഡികയിലെ 10-ാം വകുപ്പിന് നൽകിയ ഭേദഗതി പ്രകാരം മൂന്നാം വകുപ്പിൽ 'പൊതു ആവശ്യത്തിനായി അത്യന്താപേക്ഷിതമെങ്കിൽ പരിവർത്തനം നടത്താം' എന്ന ഇളവ് അനുവദിച്ചിട്ടുള്ളതാണ്. ഈ ഭൂമി വാങ്ങിയതുതന്നെ കടുത്തുരുത്തിയിലെ വിവിധ സ്ഥാപനങ്ങൾക്കുവേണ്ടിയാണ്. അവിടെ എട്ടേക്കർ സ്ഥലത്ത് പോളിടെക്നിക് കെട്ടിടം പണിയുകയും ഇപ്പോൾ പോളിടെക്നിക് പ്രവർത്തിച്ചുകൊണ്ടിരിക്കുകയുമാണ്. 20 വർഷം മുമ്പ് വാങ്ങിയതാണ്. എട്ടേക്കർ സ്ഥലം കേന്ദ്രീയ വിദ്യാലയത്തിനുവേണ്ടി നമ്മുടെ സംസ്ഥാന ഗവൺമെന്റ് തന്നെ ഉത്തരവിറക്കി വിട്ടുകൊടുത്തിട്ടുണ്ട്. അങ്ങനെ വിട്ടുകൊടുത്ത സ്ഥലത്ത് കേന്ദ്രീയവിദ്യാലയം നിർമ്മിക്കുന്നതിനുവേണ്ടി 30 കോടി രൂപ കേന്ദ്രഗവൺമെന്റ് അനുവദിച്ചിരിക്കുകയാണ്. നമുക്ക് അനുവാദം കൊടുക്കാൻ പറ്റുന്നില്ല. കേന്ദ്രീയ വിദ്യാലയത്തിനുവേണ്ടി എട്ടേക്കർ സ്ഥലം, കൂടാതെ ഫയർ സ്റ്റേഷൻ, പൊതുകളിസ്ഥലം, അങ്കണവാടി ഇതെല്ലാം നിർമ്മിക്കാനുള്ളതാണ്. ഇതിനെല്ലാം വേണ്ടിയാണ് കടുത്തുരുത്തി

ഗ്രാമപഞ്ചായത്ത് മറ്റ് കാര്യങ്ങൾ മാറ്റിവച്ച് പണം കൊടുത്ത് ഭൂമി വാങ്ങിയിട്ടുള്ളത്. ഈ ഭൂമി രൂപാന്തരപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് തന്നെ 3 കോടി രൂപ 8 വർഷം മുമ്പ് അനുവദിച്ചതാണ്. ഇതൊന്നും ഉപയോഗിക്കാൻ പറ്റുന്നില്ല. 6 വർഷമായി അനുവാദം കൊടുത്തു. അവസാനം കൃഷി വകുപ്പിന്റെ സ്റ്റേറ്റ് ലെവൽ സമിതി പരിശോധിച്ചു. 2013-ലെ പുതിയ നിയമമനുസരിച്ച് സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തണമെന്ന് പറഞ്ഞു. ആ സ്റ്റഡി നടത്തേണ്ടതിന്റെ ഒരാവശ്യവുമില്ലായിരുന്നു. ശ്രീ.കെ.പി. മോഹനൻ കൃഷി വകുപ്പുമന്ത്രിയായിരിക്കുന്ന സമയത്തും അതിനുശേഷം വിവിധ മന്ത്രിമാരൊക്കെ നിയമത്തിൽ നിന്നുകൊണ്ട് ഇളവനുവദിക്കുന്ന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. എനിക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് പറയാനുള്ളത്, ഈ സ്ഥലത്ത് നമുക്കിനി നെൽകൃഷി ചെയ്യാനോ കൃഷിയിറക്കാനോ പറ്റുകയില്ല. ഇത് ഗവൺമെന്റിന്റെ പൊതുആവശ്യത്തിനുവേണ്ടി വാങ്ങിയ സ്ഥലമാണ്. കേരളത്തിൽ എവിടെയായാലും സർക്കാർ ആവശ്യത്തിനുവേണ്ടി വാങ്ങിയ സ്ഥലമാണെങ്കിലും അത് രൂപാന്തരീകരണത്തിനുള്ള അനുവാദം നമ്മുടെ പാസ്സാക്കിയ നിയമത്തിൽ തന്നെ ഉണ്ടെന്നുള്ളതുകൊണ്ട് ഇളവനുദിച്ച് ഈ

പ്രശ്നം പരിഹരിക്കേണ്ടതായിട്ടുണ്ട്. ഇവിടെ നമുക്ക് ഏറ്റവും വലിയ ഗതികേട് കേന്ദ്രം അനുവദിച്ച 30 കോടി രൂപ നഷ്ടപ്പെട്ടും എന്നതാണ്. കേരളത്തിലെ ഏക കേന്ദ്രീയ വിദ്യാലയമാണ് 5 വർഷം മുമ്പ് അനുവദിച്ചത്. അത് ഇപ്പോൾ നഷ്ടപ്പെട്ടും. ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ നടത്താൻപോലും അവർ ഇപ്പോൾ സമ്മതിക്കുന്നില്ല. നിസ്സാരമായി ഈ വിഷയങ്ങളെ നാം കാണുകയാണ്. 6 വർഷമായി ഈ വിഷയത്തിനുവേണ്ടി കൃഷി വകുപ്പിന്റെ മുമ്പിൽ അപേക്ഷയുമായി ഞാനും കടുത്തുരുത്തിയിലെ പ്രാദേശിക ജനപ്രതിനിധികളും നിൽക്കുകയാണ്. ഇത് എന്റെ മാത്രം വിഷയമല്ല. കേരളമൊട്ടാകെ ഈ പ്രശ്നം നിലനിൽക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പൊതുആവശ്യത്തിനുള്ള കൃഷിയിടങ്ങളിൽ ഇളവനുവദിച്ചുകൊണ്ട്, തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പറയുന്നതുപോലെ സർക്കാർ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ഭൂമിയാണെങ്കിൽ ഇളവനുവദിച്ചുകൊണ്ട് രൂപാന്തരീകരണം നടത്താൻ അനുവാദം കൊടുക്കാം എന്ന കാര്യത്തിൽ തീരുമാനമെടുക്കണം. ഈ പ്രശ്നം പരിഹരിച്ചുനൽകണം. നമ്മുടെ സംസ്ഥാനത്തിന് സ്ഥാപനങ്ങൾ, കേന്ദ്രീയ വിദ്യാലയം എന്നിവ നഷ്ടപ്പെടാത്ത വിധത്തിലും കടുത്തുരുത്തിയിലെ വിവിധ സർക്കാർ

സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയുന്ന വിധത്തിലും അനുകൂലമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ ഒരു യോഗം ബഹുമാന്യരായ കൃഷി വകുപ്പുമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും സാന്നിധ്യത്തിൽ വിളിച്ചുചേർക്കുന്നതിന് ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി നേതൃത്വം കൊടുക്കണമെന്നും ഇതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് തീർപ്പുണ്ടാക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്തെ നെൽവയലുകളെയും തണ്ണീർത്തടങ്ങളെയും അവയുടെ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് സംരക്ഷിക്കുന്നതിനും അതോടൊപ്പം ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുംവേണ്ടി ലക്ഷ്യമിട്ടിട്ടുള്ളതാണ്. സംസ്ഥാനത്തെ ഭൂമിശാസ്ത്രപരമായ സവിശേഷതകളും പ്രത്യേകതകളും പരിഗണിച്ചാൽ നെൽവയലുകൾക്കും തണ്ണീർത്തടങ്ങൾക്കും ആവാസവ്യവസ്ഥയിൽ അതീവ പ്രാധാന്യമുള്ളതിനാൽ നിയമത്തിലെ വ്യവസ്ഥകൾ ലക്ഷ്യമിടുംപ്രകാരം ആയത് പൂർണ്ണമായും

സംരക്ഷിക്കപ്പെടേണ്ടതുണ്ട്. വ്യക്തമായ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി നെൽവയലുകൾ പൊതു ആവശ്യത്തിനും 2008-ൽ ടി നെൽവയലിന്റെ ഉമസ്ഥാവകാശമുള്ളവർക്കും വീട് നിർമ്മിക്കുന്നതിനും പരിമിതാർത്ഥത്തിൽ പരിവർത്തനപ്പെടുത്തുന്നതിന് വ്യവസ്ഥകൾ നിലവിലുണ്ട്. കേരളത്തിലെ സവിശേഷമായ ഭൂപ്രകൃതിയിൽ പാടശേഖരങ്ങൾക്ക് സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനും ഭൂഗർഭ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിനും വളരെ പ്രധാനമായ പങ്കാണുള്ളത്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ പേരിൽ പാടശേഖരങ്ങൾ നികത്തി സ്വാഭാവിക ഭൂപ്രകൃതി നശിപ്പിക്കുന്ന പ്രവർത്തികളോ നിർമ്മാണ പ്രവർത്തനങ്ങളോ ഏറ്റെടുത്ത് നടപ്പാക്കുന്നത് അഭികാമ്യമല്ല. റവന്യൂ വകുപ്പ് മറ്റ് വകുപ്പുകൾക്ക്, സർക്കാർ ഏജൻസികൾക്ക്, ഭൂമി കൈമാറുമ്പോൾ ഭൂമിയുടെ തരം 2008-ലെ നിയമത്തിന്റെ പരിധിയിൽവരുന്ന ഭൂമിയാണെങ്കിൽ നിയമപ്രകാരമുള്ള അനുമതി ലഭ്യമാകുന്നപക്ഷം മാത്രമേ ഭൂമിയുടെ സ്വഭാവം മാറ്റം വരുത്തുന്നതിനോ, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനോ നടപടി സ്വീകരിക്കാവൂ. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട

സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം പരിവർത്തനപ്പെടുത്തുന്നതിനോ, രൂപാന്തരപ്പെടുത്തുന്നതിനോ പ്രാദേശികതല സമിതി ശിപാർശ ചെയ്യുകയും സംസ്ഥാനതല സമിതി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പകരം മറ്റൊരു സ്ഥലം ലഭ്യമല്ലെന്നും അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ, രൂപാന്തരപ്പെടുത്തലോ ചേർന്നുകിടക്കുന്ന നെൽവയലിലെ നെൽകൃഷിയെയോ ആ പ്രദേശത്തെ പരിസ്ഥിതി വ്യവസ്ഥയേയോ ദോഷകരമായി ബാധിക്കുകയില്ലായെന്നും സർക്കാരിന് ബോദ്ധ്യപ്പെടുകയും ചെയ്താലല്ലാതെ നിയമത്തിലെ 10(1)- ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു ഒഴിവാക്കലും സർക്കാർ അനുവദിക്കാൻ പാടില്ല എന്നത് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്ക് പരിവർത്തനപ്പെടുത്തുമ്പോൾ ആ പ്രദേശത്തെ പരിസ്ഥിതിയെ ദോഷകരമായി ബാധിക്കില്ലായെന്ന് ഉറപ്പുള്ളപക്ഷം മാത്രമേ സർക്കാരിന് പരിവർത്തനാനുമതി നൽകാൻ നിയമത്തിൽ വ്യവസ്ഥയുള്ളൂ. കടുത്തുരുത്തി വില്ലേജിൽ ആപ്പാൻചിറ പാടശേഖരത്തിൽ ഉൾപ്പെട്ട ഭൂമിയിൽ കേന്ദ്രീയ വിദ്യാലയം നിർമ്മിക്കുന്നതിന് പാട്ടത്തിന് നൽകിയിട്ടുള്ള 8 ഏക്കർ ഭൂമി, 2008-ലെ

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 2(12) പ്രകാരം 'നെൽവയൽ' എന്ന നിർവ്വചനത്തിൽ ഉൾപ്പെട്ട ഭൂപ്രദേശമാണ്. പ്രസ്തുത പാടത്തിന് നടുവിലായി 1.2 ഏക്കർ സ്ഥലം ചിറയായി കാണപ്പെടുന്നതും റവന്യൂ രേഖകളിൽ സർവ്വേ നമ്പർ 32/3 B-ൽ ഉൾപ്പെട്ട 0.0243 ഹെക്ടർ ഒഴികെ ബാക്കിയെല്ലാം നിലവുമാണ്. ആയതിനാൽ പ്രസ്തുത സ്ഥലം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെടുന്ന ഭൂമിയാണ്. 'പൊതു ആവശ്യം' എന്ന നിലയിൽ പരിവർത്തനപ്പെടുത്തുന്നതിന് 13-04-2018-ൽ കൂടിയ പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ സംസ്ഥാനതല സമിതിക്ക് സമർപ്പിച്ച അപേക്ഷ 02-04-2019-ൽ സർക്കാരിൽ ലഭിക്കുകയും സംസ്ഥാനതല സമിതി വിശദമായി ഇക്കാര്യം പരിശോധിക്കുകയും സമിതിയംഗം നേരിട്ട് സ്ഥല പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെയും ഫോട്ടോഗ്രാഫിന്റെയും അടിസ്ഥാനത്തിൽ കേന്ദ്രീയ വിദ്യാലയത്തിനായി നിലം പരിവർത്തനപ്പെടുത്തിയാൽ പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്ന് നിരീക്ഷിക്കുകകയും ആയതിനാൽ അപേക്ഷയിലെ ആവശ്യം പരിഗണിക്കേണ്ടതില്ലായെന്ന്

ശിപാർശ ചെയ്യുകയുമുണ്ടായി. സംസ്ഥാനതല സമിതി സമർപ്പിച്ച റിപ്പോർട്ട് 2008-ലെ നിയമത്തിലെ വകുപ്പ് 10 പ്രകാരം സർക്കാർ പരിശോധിച്ചു. കേന്ദ്രീയ വിദ്യാലയത്തിനായി ഏറ്റെടുത്തിട്ടുള്ള നിലമായ വസ്തുവിൽ ഉൾക്കൊള്ളുന്ന ജലം ഒഴുക്കി കളയുന്നതിനായി നിലവിൽ ആപ്പാൻചിറ തോട് മാത്രമാണുള്ളതെന്നും 2018-ലെ പ്രളയത്തിനുശേഷം ലാൻഡ് യൂസ് പാറ്റേണിൽ മാറ്റം വന്നിട്ടുള്ളതായും വെള്ളക്കെട്ടിന്റെ സാധ്യത നിലനിൽക്കുന്നതിനാൽ പ്രസ്തുത പാടം നികത്തുന്നത് നെൽക്കൃഷിയേയും പരിസ്ഥിതിയേയും ബാധിക്കുമെന്നും നിലം നികത്തിയാൽ മൂവാറ്റുപുഴയാറിൽനിന്ന് എഴുമാംകായൽ വഴി വേമ്പനാട് കായലിലേയ്ക്കുള്ള നീരൊഴുക്കിന്റെ ഗതി തടസ്സപ്പെടുമെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആപ്പാൻചിറ പാടശേഖരത്തിന്റെ കിഴക്കെ അതിരായുള്ള ആപ്പാൻചിറ തോടിനോട് ചേർന്നാണ് 148 ഏക്കർ വിസ്തൃതിയുള്ള വെള്ളാശ്ശേരി പാടശേഖരം. കേന്ദ്രീയ വിദ്യാലയത്തിനായുള്ള ഭൂമി പരിവർത്തനപ്പെടുത്തിയാൽ തെക്കുഭാഗത്ത് 203 ഏക്കർ വരുന്ന മാന്നാർ തെക്കുപുറം പാടശേഖരം, 145 ഏക്കർ വരുന്ന മാന്നാർ മിച്ച ഭൂമി പാടശേഖരം, 55 ഏക്കർ വരുന്ന മാന്നാർ പുത്തൻകരി, 55 ഏക്കർ വരുന്ന

മാന്നാർ കുറിച്ചിക്കരി എന്നിവിടങ്ങളിലെ നെൽക്കൃഷിയെ സാരമായി ബാധിക്കും. തോടിന് കിഴക്കുവശത്താണ് നിലവിൽ കൃഷി ചെയ്യുന്ന 148 ഏക്കർ വിസ്തൃതിയുള്ള വെള്ളാശ്ശേരി പാടശേഖരം. പാടശേഖരം നികത്തിയാൽ ആപ്പാൻചിറ തോടുവഴിയുള്ള നീരൊഴുക്ക് തടസ്സപ്പെടുകയും സമീപത്തുള്ള 606 ഏക്കറിലെ നെൽക്കൃഷിയെയും 400-ഓളം വരുന്ന കർഷകരേയും കർഷകത്തൊഴിലാളികളുടെ ഉപജീവനത്തെയും ബാധിക്കുകയും പ്രസ്തുത പാടശേഖരത്തോട് അനുബന്ധിച്ച് താമസിക്കുന്ന കുടുംബത്തിന്റെ നിലനിൽപ്പിന് ഭീഷണിയാവുകയും ചെയ്യും. പ്രസ്തുത നിലം വകകൾ അപ്പർ കുട്ടനാട് മേഖലയിൽപ്പെട്ടതും സ്ഥിരമായി നെൽകൃഷിക്ക് അനുയോജ്യമായതും ജൈവവൈവിധ്യം സംരക്ഷിക്കപ്പെടുന്നൊരു പാരിസ്ഥിതിക ആവാസ വ്യവസ്ഥയുമാണ്. പ്രസ്തുത പാടശേഖരത്തിന്റെ പരിവർത്തനം പാരിസ്ഥിതിക സന്തുലിതാവസ്ഥയേയും ജനജീവിതത്തെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ടി നിയമം സെക്ഷൻ 2(12) പ്രകാരം നിർവ്വചിക്കപ്പെടുന്ന 'നെൽവയൽ' വിഭാഗത്തിൽപ്പെട്ട ഈ ഭൂമി നെൽവയലായിത്തന്നെ നിലനിർത്തണമെന്ന് 27-07-2021-ൽ കൂടിയ പ്രാദേശിക നിരീക്ഷണസമിതിയുടെ തീരുമാനം പരിഗണിച്ചും കേന്ദ്രീയ

വിദ്യാലയത്തിനായി നികത്തപ്പെടേണ്ട 8 ഏക്കർ സ്ഥലം പരിവർത്തനപ്പെടുത്തിയാൽ പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്ന വസ്തുത പൂർണ്ണമായി ഉൾക്കൊണ്ടാണ് പ്രസ്തുത ആവശ്യത്തിലേയ്ക്ക് ഈ 8 ഏക്കർ നിലം നികത്തുന്നതിനുള്ള അനുമതി നിരസിച്ചത്. ആയതിനാൽ കേന്ദ്രീയ വിദ്യാലയ നിർമ്മാണത്തിന് മറ്റ് അനുയോജ്യമായ സ്ഥലങ്ങൾ പുരയിടമായി ലഭ്യമാണെങ്കിൽ ആയതിൽ നിർമ്മാണപ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചാൽ നിയുക്ത കേന്ദ്രീയ വിദ്യാലയം നഷ്ടമാവുന്ന സാഹചര്യം ഒഴിവാക്കാവുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, കെ-റെയിൽ പദ്ധതി പിന്നെ എങ്ങനെയാണ് നടക്കുക (ബഹളം)..... കേരളത്തോട് കാണിക്കുന്ന അനീതിയാണ്.(മൈക്ക് ഓഫ്)....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... ശ്രീ. സി. ആർ. മഹേഷ്... അങ്ങ് സംസാരിക്കൂ... ശ്രീ. മോൻസ് ജോസഫ് ഉന്നയിച്ച വിഷയത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു.

8.കരുനാഗപ്പള്ളി ഫ്ലൈ ഓവർ

ശ്രീ. സി. ആർ. മഹേഷ്: സർ, ഏറെ കാലത്തെ ജനങ്ങളുടെ

ആവശ്യവും ആഗ്രഹവുമായിരുന്ന ദേശീയപാത വികസനം. ഇത് വളരെ വേഗത്തിൽ പൂർത്തിയാക്കണമെന്നതിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല. ദേശീയപാത വികസനത്തെ അങ്ങേയറ്റം സ്വാഗതം ചെയ്യുകയാണ്. ദേശീയപാത വികസനം പൂർത്തീകരിക്കാതെ ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണ്. എന്റെ നിയോജകമണ്ഡലമായ കരുനാഗപ്പള്ളിയിൽ ദേശീയപാത വികസനത്തിന്റെ ഭാഗമായി കരുനാഗപ്പള്ളിയുടെ ഹൃദയം, കരുനാഗപ്പള്ളി ടൗൺ കോട്ടപോലെ വൻമതിൽ പണിത് നഗരത്തെയില്ലാതാക്കുന്ന Wall elevated highway എന്ന പ്രവൃത്തി മാറ്റി തൂണുകളിൽ നിൽക്കുന്ന ഓപ്പൺ ഫ്ലൈ ഓവർ, അടിവശം തുറന്നുകിടക്കുന്ന, സ്വാതന്ത്ര്യത്തോടുകൂടി ജനങ്ങൾക്കും വാഹനങ്ങൾക്കും പോകാൻ സാധ്യമാകുന്ന തരത്തിൽ നിർമ്മിക്കണമെന്ന് കേന്ദ്രഗതാഗത വകുപ്പിനോട് ശിപാർശ ചെയ്യണം എന്നതാണ് സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. പതിനെട്ടോളം ചെറുതും വലുതുമായ റോഡുകൾ വന്നുചേരുന്ന ഭാഗമാണ് കരുനാഗപ്പള്ളി ടൗൺ. നൂറുകണക്കിന് വ്യപാര സ്ഥാപനങ്ങളും നിരവധി സർക്കാർ ഓഫീസുകളും സ്കൂളുകളും സ്ഥിതി ചെയ്യുന്ന നഗര ഹൃദയത്തെ തകർക്കുന്നതാണ് എലിവേറ്റഡ്

ഹൈവേ എന്ന് ഓർമ്മിപ്പിക്കുന്നു. ദേശീയപാത വികസനത്തിന് തടസ്സമാകാതെയും അധിക സാമ്പത്തിക ബാധ്യതയില്ലാതെയും കാലതാമസം കൂടാതെയും ഓപ്പൺ ഫ്ലൈ ഓവർ നിർമ്മിക്കാവുന്നതാണ്. രണ്ടാമതായി, ഈ സ്ഥലം ഏറ്റെടുക്കുന്ന കടയുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നത് വളരെ വേഗത്തിൽ പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. മാത്രമല്ല, വാടകക്കാരായ വ്യാപാരികളുടെയും വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും ആശങ്കയാണ്. ഇവർക്കുള്ള പുനരധിവാസ പദ്ധതി വേഗത്തിൽ നടപ്പിലാക്കുകയും ഇവരുടെ ആശങ്കയും വിഷമവും പരിഹരിക്കപ്പെടുകയും ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്. പൊതുവെ കടം കയറി തകർന്നിരിക്കുന്ന വ്യാപാര മേഖലയിലെ ലക്ഷക്കണക്കിന് വ്യവസായികളും ചെറുകിട കച്ചവടക്കാരും വ്യാപാരസ്ഥാപനങ്ങളിലെ പാവപ്പെട്ട തൊഴിലാളികളും പട്ടിണിയിലും ജീവിതം വഴിമുട്ടിയ അവസ്ഥയിലുമാണ്. ഇവരുടെ ആശങ്ക അകറ്റി ഇവരുടെ പുനരധിവാസം പൂർണ്ണമായും സർക്കാർ സമയബന്ധിതമായി ഏറ്റെടുക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. ദേശീയപാത വികസനത്തിന്റെ ഭാമഗായി

പൊളിച്ചുമാറ്റപ്പെടുന്ന, നിലവിൽ പഠനം നടന്നുകൊണ്ടിരിക്കുന്ന സ്കൂളുകൾക്ക് താല്ക്കാലികമായ പഠനസൗകര്യം ഉറപ്പുവരുത്തുകയും ഭാവിയിൽ സ്വന്തമായി സ്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ചുനൽകാനുള്ള ഉത്തരവാദിത്വവും സർക്കാർ സമയബന്ധിതമായി നടപ്പിലാക്കണം. പൊളിച്ചുമാറ്റപ്പെടുന്ന മറ്റ് സർക്കാർ ഓഫീസുകളും പുനർനിർമ്മിക്കുന്നതിനുള്ള അടിയന്തര ശ്രദ്ധ സർക്കാരിൽനിന്നും ഉണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കൊറ്റൻകുളങ്ങര മുതൽ കൊല്ലം ബൈപ്പാസ് വരെ എൻ.എച്ച്.-66-ലെ ആറുവരിപ്പാതയാക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട സി. ആർ. മഹേഷ് എം.എൽ.എ. ഇവിടെ ഉന്നയിച്ചിട്ടുള്ളത്. നേരത്തെതന്നെ ബഹുമാനപ്പെട്ട എം.എൽ.എ. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഞാൻ അതിന്റെ മുഴുവൻ വിശദ വിവരങ്ങളിലേയ്ക്ക് പോകുന്നില്ല. അങ്ങനെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഭാഗമായി ദേശീയപാത അതോറിറ്റിയുമായി സംസാരിച്ചിരുന്നു. ദേശീയപാത അതോറിറ്റി ഒരു ട്രാഫിക് സർവ്വേ നടത്തിയതുപ്രകാരം ഇവിടെ സൂചിപ്പിച്ച

കരുനാഗപ്പള്ളി ജംഗ്ഷനിൽ 30 മീറ്റർ വീതം നീളമുള്ള രണ്ട് സ്പാനോടുകൂടിയ ഒരു ഫ്ലൈ ഓവർ നിർമ്മിക്കുന്നു എന്ന ഒരു മറുപടിയാണ് അതുമായി ബന്ധപ്പെട്ട് നൽകിയത്. ഇവിടെ ദേശീയപാത 66 വീതി കൂട്ടുന്ന പ്രവൃത്തിയിൽ ചേർത്തല മുതൽ തിരുവനന്തപുരം വരെയുള്ള 5 പാക്കേജുകളിൽ ഫ്ലൈ ഓവറിന്റെ അനുബന്ധ റോഡായി ഇതേ മാതൃകയിലുള്ള (same model) റീട്ടെയിനിംഗ് വാളാണ് നിർദ്ദേശിക്കപ്പെട്ടത്. അക്കാര്യവും അവർ മറുപടിയിൽ പറഞ്ഞിരുന്നു. പ്രവൃത്തി അവാർഡ് ചെയ്തുകഴിഞ്ഞതിനാലും കോൺട്രാക്ടർ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്തിയതിനാലും ഈ ഘട്ടത്തിൽ ഫ്ലൈ ഓവർ ഡിസൈനിൽ വ്യത്യാസം വരുത്തുന്നത് അഭികാമ്യമല്ലെന്ന അഭിപ്രായമാണ് NHAI അറിയിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ മറ്റെന്തെങ്കിലും നടപടികൾ സ്വീകരിക്കാനാകുമോ എന്ന കാര്യം പരിശോധിക്കാം. NHAI ചുമതലക്കാരനുമായി ഇതുമായി ബന്ധപ്പെട്ട ചില സംസാരങ്ങൾ നടത്തിയിട്ടുണ്ട്. ചില നീക്കങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുണ്ട്. ഇവിടെ ദേശീയപാത 66 വീതി കൂട്ടുന്നതുമൂലം ഭൂമി നഷ്ടപ്പെടുന്ന വ്യാപാരികൾക്ക് 2013-ലെ RFCTLARR ആക്റ്റ് പ്രകാരം നഷ്ടപരിഹാരം

നൽകുന്നുണ്ട്. പ്രസ്തുത നിയമത്തിന്റെ സെക്കൻഡ് ഷെഡ്യൂൾ, MoRTH ലാൻഡ് അക്വിസിഷൻ മാന്വൽ 2018 എന്നിവ പ്രകാരം Rehabilitation & Resettlement അനുവദിക്കുന്നതാണെന്നും NHAI അറിയിച്ചിട്ടുണ്ട്. NHAI-യും നമ്മളും ഒരുമിച്ച് നിന്നുകൊണ്ട് ആ പ്രവൃത്തി ഇപ്പോൾ വേഗത്തിൽ ചെയ്തുകൊണ്ടിരിക്കുകയാണ്. എല്ലാ ദിവസവും കേരളത്തിലെ NHAI ബന്ധപ്പെട്ട പ്രവൃത്തികൾ വിലയിരുത്തി പി.ഡബ്ല്യൂ.ഡി. മിനിസ്റ്റർ ഓഫീസിൽ റിപ്പോർട്ട് നൽകി ഒരു പരിശോധന നടക്കുന്നുണ്ട്. എല്ലാ രണ്ടാഴ്ചയിലും മന്ത്രി എന്നുള്ള നിലയിൽ ഓരോ സ്ട്രെച്ചിന്റെയും സെപ്പറേറ്റ് യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. വിഷയങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. വളരെ പോസിറ്റീവായ അപ്രോച്ചാണ് NHAI-യുടെ ഭാഗത്തുനിന്നുള്ളത്. ബഹുമാനപ്പെട്ട സി. ആർ. മഹേഷ് എം.എൽ.എ. ഇവിടെ സൂചിപ്പിച്ച വിഷയം നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഒന്നുകൂടി പരിശോധിച്ച് മുന്നോട്ട് പോകാവുന്നതാണ്.

9. ചിറയ്ക്കൽപാറ, ചെറുവള്ളി പാലങ്ങളുടെ നിർമ്മാണം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2021 ഒക്ടോബർ 16-നുണ്ടായ വെള്ളപ്പൊക്കത്തിൽ ചെറുവള്ളി പാലം പൂർണ്ണമായും ഒലിച്ചുപോയി.

പുനലൂർ-മൂവാറ്റുപുഴ റോഡും മണിമല-പഴയിടം-എരുമേലി റോഡും തമ്മിൽ ബന്ധിക്കുന്ന ഈ പാലം പൂർണ്ണമായിത്തന്നെ നഷ്ടപ്പെട്ടു. അതിനുശേഷം ഏതാണ്ട് 8 കിലോമീറ്ററോളം ചുറ്റി സഞ്ചരിച്ചാണ് ജനങ്ങളിന്ന് മറുകരയിലെത്തുന്നത്. പ്രസ്തുത പാലം അടിയന്തരമായി പുനർ നിർമ്മിക്കണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ആദ്യമായി അവതരിപ്പിക്കുന്നത്. ഗവൺമെന്റ് ഇതുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ ഒരു ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ട്. അതുകൂടാതെ അടിയന്തരമായി പ്രത്യേക അനുമതി നൽകി വെള്ളപ്പൊക്ക കെടുതിയിൽ നഷ്ടപ്പെട്ട ചെറുവള്ളി പാലം പുനർ നിർമ്മിക്കാനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നതാണ് എന്റെ ആദ്യത്തെ സബ്മിഷൻ.

ആദ്യത്തേത് പ്രളയത്തിൽ തകർന്ന പാലത്തിന്റെ കാര്യമാണെങ്കിൽ രണ്ടാമത്തേത് ജനങ്ങളുടെ പരാതിയുടെ പ്രളയത്തിൽ ഞാൻ ഒഴുകിപ്പോകുന്നൊരു അവസ്ഥയാണ്. 8 വർഷക്കാലമായി ഞാൻ ഈ പാലത്തിനുവേണ്ടിയുള്ള ശ്രമത്തിലാണ്. ഇതുവരെ നടന്നില്ല. ചിറയ്ക്കൽപാറ ഭാഗത്ത്, അത് മണിമലയാറിന് കുറുകെയാണ്, കോട്ടാങ്ങലിനെയും വെള്ളാവൂർ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന ഒരു പാലം. നേരത്തെ

അവിടെ പാലമില്ലായിരുന്നു. സ്കൂൾ, ആശുപത്രി എന്നിങ്ങനെ ഒരുപാട് മേഖലകളുമായി ബന്ധപ്പെട്ട പ്രദേശമാണത്. ഡിപ്പാർട്ടുമെന്റിൽനിന്നും അവിടെ ഇൻവെസ്റ്റിഗേഷന് വേണ്ടിയുള്ള ചെറിയ ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ പാലവും അടിയന്തരമായിത്തന്നെ നിർമ്മിക്കാനുള്ള അനുമതിയുണ്ടാകണം. ഈ രണ്ട് പ്രശ്നങ്ങളും കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിന്റെ വളരെ പ്രധാനപ്പെട്ട രണ്ട് ജനകീയ വിഷയങ്ങളും വികസന പ്രവർത്തനങ്ങളുമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് അനുകൂലമായൊരു നടപടിയുണ്ടായി, എത്രയുംവേഗം ഇത് പുനർനിർമ്മിക്കാനും അതോടൊപ്പംതന്നെ മറ്റൊരു പാലം നിർമ്മിക്കാനുമുള്ള അനുമതി നൽകണമെന്നുള്ള സബ്മിഷനാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ചിറയ്ക്കൽപാറക്കടവ് പാലം, ചെറുവള്ളി പാലം എന്നിങ്ങനെ രണ്ട് ഇഷ്യൂസുകളാണ് ഈ സബ്മിഷനിൽ ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഇവ രണ്ടും രണ്ട് വ്യത്യസ്ത പ്രശ്നങ്ങളാണ്. പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് അദ്ദേഹം

ഇവിടെ വിശദീകരിച്ചതിനാൽ ഞാൻ കൂടുതൽ വിശദമായി വായിക്കുന്നില്ല. കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ഈ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഇഷ്യൂ, ഒന്ന്, ചിറയ്ക്കൽപാറക്കടവ്പാലം. അദ്ദേഹം അതിനെക്കുറിച്ച് പറഞ്ഞു. ജനങ്ങളുടെ പ്രളയത്തിൽ ഒഴുകിപ്പോകാതിരിക്കാൻ, അദ്ദേഹത്തെ ഒരു താങ്ങായി സംരക്ഷിക്കാനുള്ള പരമാവധി ശ്രമം പി.ഡബ്ല്യൂ.ഡി. നടത്താം. പക്ഷേ, 2022-23-ലെ ബഡ്ജറ്റിൽ ക്രമനമ്പർ 276 പ്രകാരം 13 കോടി രൂപ ചെലവ് പ്രതീക്ഷിക്കുകയും 20% തുകയായി 260 ലക്ഷം രൂപ വകകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ അതിന് ചില പ്രൊസീഡ്യൂവറുകളുണ്ട്. ഒന്ന്, മണ്ണ് പരിശോധന. അത് നടന്നുകൊണ്ടിരിക്കുന്നു. മണ്ണ് പരിശോധന കഴിഞ്ഞാൽ അതിന്റെ റിപ്പോർട്ട് നൽകണം. അതിനുശേഷം രൂപകൽപ്പന. അതുകഴിഞ്ഞാൽ പിന്നീട് എസ്റ്റിമേറ്റെടുത്ത് ഭരണാനുമതിയിലേയ്ക്ക് പോകണം. ഇതെല്ലാം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ശ്രമം പരമാവധി വേഗത്തിൽ നടത്താൻ ഡിസൈൻ വിഭാഗത്തിന് പ്രത്യേക നിർദ്ദേശം നൽകുന്നതാണെന്ന് സഭയെ അറിയിക്കുകയാണ്. ചെറുവള്ളിപാലം നിർമ്മാണം മറ്റൊരു ഇഷ്യൂ ആണ്. 2021 ഒക്ടോബർ 16-

നണ്ടായ പ്രളയത്തിൽ ചെറുവള്ളിയിൽ ഇറിഗേഷൻ വകുപ്പ് നിർമ്മിച്ച Submersible bridge-ന്റെ ഡെക്കാണ് പൂർണ്ണമായും ഒഴുകിപ്പോയത്. ഈ സ്ഥലത്തിന്റെ അടിയന്തര പ്രാധാന്യം പരിഗണിച്ച് ടിപ്പിക്കൽ ഡിസൈനിനെ ആധാരമാക്കി 9 കോടി 61 ലക്ഷം രൂപയ്ക്ക് തയ്യാറാക്കിയ ഡി.പി.ആർ. ഭരണാനുമതിക്കായി വകുപ്പിൽ ലഭിച്ചിട്ടുണ്ട്. പ്രളയം ബാധിച്ച പാലങ്ങളുടെ പുനർ നിർമ്മാണം നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുമുണ്ട്. ആ പദ്ധതിയിലുൾപ്പെടുത്തി ചെറുവള്ളിപാലം നിർമ്മാണം സാധ്യമാകുമോ എന്നുള്ളത് പ്രത്യേകം പരിശോധിക്കാമെന്നുള്ളതും സഭയെ അറിയിക്കുകയാണ്.

10. <u>പട്ടാമ്പി റോഡിന്റെ നിർമ്മാണം</u>

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, പെരുമ്പിലാവ്- നിലമ്പൂർ സംസ്ഥാന പാതയിലെ പുലാമന്തോൾ മുതൽ മേലാറ്റൂർ വരെയുള്ള റോഡ് പ്രവൃത്തിയുടെ കാര്യത്തിൽ ഞാനിത് രണ്ടാം തവണയാണ് സബ്മിഷൻ ഉന്നയിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട പല കാര്യങ്ങളും

അവതരിപ്പിക്കാനുള്ള അവസരമാണ് എനിക്ക് ഇതുവഴി നഷ്ടമാകുന്നത് എന്ന ദുഃഖം കൂടി ഞാൻ അറിയിക്കുകയാണ്.

2020 സെപ്റ്റംബർ 11-നാണ് 30 കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള ഈ റോഡിന്റെ പ്രവൃത്തി ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ ഉദ്ഘാടനം ചെയ്തത്. കൃത്യമായി പറഞ്ഞാൽ 17 മാസവും 15 ദിവസവും കഴിഞ്ഞു. പക്ഷേ ഇപ്പോഴും ഈ പ്രവൃത്തിയുടെ 30 ശതമാനംപോലും പൂർത്തിയായില്ല എന്നത് വളരെ സങ്കടകരമാണ്. നമ്മുടെ ബഹുമാന്യനായ മന്ത്രി വളരെ ഊർജ്ജസ്വലനും കഠിനാധ്വാനിയുമാണ്. അതിനൊക്കെപുറമെ എന്റെ കോളേജ് മേറ്റുമാണ്. പക്ഷേ തകരാർ ബഹുമാനപ്പെട്ട മന്ത്രിക്കല്ല, സിസ്റ്റത്തിനാണ്. ഏറ്റവും വലിയ പ്രശ്നമെന്ന് പറയുന്നത്, KSTP ഇപ്പോൾ പറയുന്നത് കോൺട്രാക്ടറുടെ പ്രശ്നമാണെന്നാണ്. എന്നാൽ കോൺട്രാക്ടർ പറയുന്നത് KSTP അവർക്ക് ബിൽ പാസ്സാക്കി കൊടുക്കുന്നില്ല എന്നാണ്. ആരുടെ കുറ്റമാണെന്ന് ബഹുമാന്യനായ മന്ത്രിയൊന്ന് ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ചുരുങ്ങിയത് 10 യോഗമെങ്കിലും ഞാൻ എന്റെ ഓഫീസിൽത്തന്നെ വിളിച്ചുചേർത്തിട്ടുണ്ട്. ഇവിടെ KSTP-യും വാട്ടർ അതോറിറ്റിയും തമ്മിൽ പ്രശ്നം, KSTP-യും

കെ.എസ്.ഇ.ബി.-യും തമ്മിൽ പ്രശ്നം, KSTP-യും ബി.എസ്.എൻ.എൽ.-ഉം തമ്മിൽ പ്രശ്നം, KSTP-യും ഫോറസ്റ്റും തമ്മിൽ തർക്കം. ഇതെല്ലാം നടക്കുകയാണ്. അവസാനം മരം മുറിക്കാൻ എം.എൽ.എ. തന്നെ ഇറങ്ങേണ്ടൊരു സ്ഥിതിയാണ് അവിടെയുണ്ടാകുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഒരു മണ്ഡലത്തിലെ പ്രവൃത്തി ഏകോപിപ്പിക്കാൻവേണ്ടി വളരെ നല്ലൊരു തീരുമാനമെടുത്തിട്ടുണ്ട്. ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലയിൽനിന്നും മാറ്റി സബ് എഞ്ചിനീയർക്ക് ചുമതല കൊടുത്തുകൊണ്ട് ഇപ്പോൾ തീരുമാനമെടുത്തിട്ടുണ്ട്. പക്ഷേ ഏറ്റവും വലിയൊരു പ്രശ്നം, ഇപ്പോഴത്തെ ലോകായുക്തയെപ്പോലെയാണ് ഈ തീരുമാനം എന്നുള്ളതാണ്. കാരണം, ഇതിന് പല്ലും നഖവുമില്ല. കാരണം, ഒരു ഡിപ്പാർട്ട്മെന്റ് മാത്രം വിചാരിച്ചാൽ തീർക്കാൻ കഴിയുന്ന കാര്യമല്ല. ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള ഏകോപനത്തിന് ഈ ചുമതലപ്പെടുത്തിയ നോഡൽ ഓഫീസർക്ക് അവസരമുണ്ടായില്ലെങ്കിൽ ഇക്കാര്യത്തിൽ ഒന്നും നടക്കില്ല. എന്റെ നാട്ടുകാർ വളരെ പാവങ്ങളാണ്. അവർ നല്ല മനുഷ്യരായതുകൊണ്ടാണ് 17 മാസം കഴിഞ്ഞിട്ടും ഈ പൊടിതിന്ന് അവർ ക്ഷമയോടെ നിൽക്കുന്നത്. നിങ്ങൾ മനസ്സിലാക്കേണ്ട കാര്യം, എത്രയോ

വ്യാപാരികൾ ദിവസേന വരികയാണ്. എത്രയോ കടകൾ ഇപ്പോഴും പെരിന്തൽമണ്ണയിൽ അടഞ്ഞുകിടക്കുകയാണ്. തുറന്നാൽപ്പിന്നെ മൊത്തം പൊടിയാണ്. അതിലുംഭേദം തുറക്കാതിരിക്കുന്നതാണെന്നാണ് ആളുകൾ ഇപ്പോൾ കരുതുന്നത്. നമ്മുടെ നാട്ടിലെ വ്യാപാരികൾക്ക് ആകെ ലഭിക്കുന്നത് ഓണം, വിഷു, പെരുന്നാൾ എന്നിങ്ങനെ ചില ഉത്സവകാലങ്ങളാണ്. ഈ പെരുന്നാളിനെങ്കിലും അവർക്ക് കച്ചവടം ചെയ്യാനുള്ളൊരു അവസരമുണ്ടാകുമെന്നായിരുന്നു പ്രതീക്ഷിച്ചത്. അതും നടക്കാത്ത സ്ഥിതിയാണ്. നഗരത്തിൽപോലുമുള്ള റോഡ് പ്രവർത്തനം ഇപ്പോൾ ഇഴഞ്ഞ് നീങ്ങുകയാണ്. ഇപ്പോൾ നമ്മുടെ ഏറ്റവും വലിയ പ്രശ്നമെന്ന് പറയുന്നത്, നമ്മൾ സാധാരണ വെടിയേറ്റ് മരിച്ചു, വാഹനാപകടത്തിൽ മരിച്ചു എന്നൊക്കെ പറയും. എന്നാൽ ഏറ്റവും വലിയ കഷ്ടം, പൊടി തിന്നുമരിച്ചു എന്നൊരു വാർത്ത പെരിന്തൽമണ്ണയിൽനിന്നും വരുന്നതിന് മുമ്പെങ്കിലും ഈ പ്രശ്നമൊന്ന് അവസാനിപ്പിക്കുന്നതിനുള്ള ശ്രമമുണ്ടാകണം എന്നാണ് എന്റെ ഏറ്റവും വലിയ അഭ്യർത്ഥന.

പെരിന്തൽമണ്ണയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട കാര്യം അവിടത്തെ ഗതാഗത കുരുക്കാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി

ഈ ബഡ്ജറ്റിൽ ഏറ്റവും ഗതാഗത കുരുക്കുള്ള നഗരങ്ങളെ മോചിപ്പിക്കാൻവേണ്ടിയുള്ളൊരു നിർദ്ദേശം വയ്ക്കുന്നുണ്ട്. അതുപോലെ പുതിയ ബൈപ്പാസുകളെ കുറിച്ചും നിർദ്ദേശിക്കുന്നുണ്ട്. എന്റെ നിയോജക മണ്ഡലത്തെ മാത്രമല്ല, പാലക്കാട് മുതൽ കോഴിക്കോടുവരെയും അതുമാത്രമല്ല, തമിഴ്നാടുമായിട്ടൊക്കെ ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട നാഷണൽ ഹൈവേ കടന്നുപോകുന്ന ഈ പ്രദേശത്തെ പ്രശ്നം സ്ഥിരമായി തീർക്കാൻ ഓരോടംപാലം ബൈപ്പാസ് ജനങ്ങളുടെ ചിരകാല അഭിലാഷമാണ്. ഓരോടംപാലം - മാനത്തുമംഗലം ബൈപ്പാസിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ട്. അതുകൂടി ഏറ്റെടുത്ത് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ ബഹുമാന്യനായ മന്ത്രി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ശ്രീ. നജീബ് കാന്തപുരം ഇവിടെ ഉന്നയിച്ചിട്ടുള്ളത് ഒരു ദീർഘകാലത്തെ വിഷയമാണ്. ഇത് നേരിട്ട് ബോധ്യപ്പെട്ട പ്രശ്നമാണ്. പെരുമ്പിലാവിൽ നിന്ന് നിലമ്പൂർ എത്തുമ്പോൾ തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ മൂന്ന് ജില്ലകളെ കവർ ചെയ്ത് പോകുന്ന റോഡാണ്. ഇത് കേരള

ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിക്കുകയാണ്. പുലാമന്തുർ-മേലാറ്റൂർ റോഡിന്റെ പ്രവൃത്തി വളരെ വേഗത്തിലായിരുന്നു മുന്നോട്ട് പോയിരുന്നത്. ഈ സംവിധാനം കൊണ്ട് പ്രത്യേകിച്ച് എന്തെങ്കിലും ഗുണമുണ്ടോയെന്ന് അദ്ദേഹം ചോദിച്ചപ്പോൾ, ഈ സംവിധാനം കൊണ്ടുതന്നെയാണ് അതിന്റെ ഗുണമുണ്ടായതെന്ന് അദ്ദേഹം ഇവിടെ പറയണമായിരുന്നു. അത് പറഞ്ഞില്ല, റിവ്യൂ യോഗത്തിലും മറ്റും പരിശോധിച്ചു. കോൺസ്റ്റിറ്റ്യൻസി മോണിറ്ററിംഗ് ടീമും പല്ലും നഖവും ഉള്ള സംവിധാനം തന്നെയാണ്, ലോകായുക്തയെപ്പോലെയാണെന്ന് അദ്ദേഹം പറഞ്ഞത് യോജിക്കുന്നു, പക്ഷെ ഒരു കാര്യത്തിൽ തിരുത്ത് വേണം, ലോകായുക്തയെപ്പോലെ തന്നെ പല്ലും നഖവും സി.എം.ടി.യ്ക്കും ഉണ്ടെന്നുള്ള കാര്യം ഇവിടെ തിരുത്താൻവേണ്ടി അദ്ദേഹത്തോട് പറയുകയാണ്. ഇതിൽ ഒരു പ്രശ്നം വളരെ ഗൗരവമുള്ളതാണ്, വേഗത്തിൽ പോയിരുന്ന ഈ പ്രവൃത്തി കേരള വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിൽ ഉണ്ടായ കാലതാമസം കാരണം പ്രവർത്തി മന്ദഗതിയിലായി. അത് വസ്തുതയാണ്. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടന്നു വരികയാണ്, ബഹുമാനപ്പെട്ട എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ മാർച്ച് 2-ാം തീയതി ഒരു യോഗം ചേർന്നിരുന്നു. ഞാനും

ആ യോഗത്തിൽ പങ്കെടുത്തിരുന്നു. റോഡു നിർമ്മാണ പ്രവൃത്തികൾ കൂടുതൽ ഊർജ്ജിതമാക്കാൻ കരാറുകാരൻ തന്നെ യോഗത്തിൽ ഉറപ്പു നൽകുകയും ചെയ്തു. പ്രവൃത്തി നിശ്ചയിച്ചതുപോലെ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കെ.എസ്.ടി.പി.-സി.എ. നിർദ്ദേശം നൽകിയിരുന്നു. ഇതോടൊപ്പം ഒരു കാര്യം അറിയിക്കാൻ ആഗ്രഹിക്കുന്നു, പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ മുൻപോട്ട് പോകുമ്പോൾ സ്വാഭാവികമായിട്ടും അതിൽ ജനങ്ങൾ തന്നെ പറയുന്ന പ്രശ്നം ടാറിട്ട റോഡ് ജനങ്ങളുടെ ആവശ്യത്തിനായി, കുടിവെള്ളത്തിനായി കുത്തിപ്പൊളിക്കുന്ന പ്രശ്നങ്ങൾ ഉൾപ്പെടെയാണ്. രണ്ട് വകുപ്പുകൾ തമ്മിലുള്ള പ്രശ്നമാണ്, ആ രണ്ട് വകുപ്പുകൾ തമ്മിലുള്ള പ്രശ്നം വളരെ പോസിറ്റീവായി ഇറിഗേഷൻ വകുപ്പ് എടുക്കുകയും, ഇറിഗേഷൻ വകുപ്പുമന്ത്രിയും ഞാനും യോഗം ചേർന്ന് ചില തീരുമാനങ്ങൾ കൈക്കൊണ്ട വിവരം കൂടി ഒരു പൊതു വിഷയമെന്നുള്ള നിലയിൽ ഇവിടെ സബ്മിഷന്റെ ഭാഗമായി അറിയിക്കാൻ കൂടി അവസരം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ പൊതു വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിനും ഞാനുംകൂടി യോഗം ചേർന്ന് ഒരു ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ച വിവരം സഭയെ

പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഈ രണ്ട് വകുപ്പുകളും പാലിക്കേണ്ട കാര്യങ്ങൾ പ്രത്യേക ഉത്തരവു പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.മാർ ഉൾപ്പെടെ ആ ഗവൺമെന്റ് ഓർഡർ അറിയണമെന്ന് ഞാൻ ഇവിടെ പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. അതിൽ ഒന്ന് പുതുതായി ടാർ ചെയ്ത് പൂർത്തീകരിച്ച റോഡുകൾ ഒരു വർഷത്തിനുശേഷം മാത്രമേ വെട്ടിപ്പൊളിച്ച് പൈപ്പ് ഇടാൻ അനുവദിക്കുകയുള്ളൂവെന്നതാണ്. ഉയർന്ന പരിഗണനയിലുള്ള പദ്ധതികൾക്ക് മാത്രമാണ് ഇളവ് നൽകുന്നത്. മറ്റൊന്ന് റോ-പോർട്ടൽ, ഏത് വകുപ്പിനും അവർ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തികൾ ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്തുപോയാൽ ഒരു ക്ലാഷ് ഒഴിവാക്കാൻ പറ്റുന്ന റോ-പോർട്ടൽ സംവിധാനം സജീവമാക്കുകയെന്നുള്ളതാണ്. ഇതുപോലുള്ള ഒരുപാട് കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് നിശ്ചയിച്ച് തീരുമാനം കൈക്കൊണ്ട് മുന്നോട്ട് പോയിട്ടുണ്ട്. അടിയന്തര ജോലികൾക്കായി അനുമതി നൽകാൻ റോ-പോർട്ടലിൽ പ്രത്യേക സംവിധാനവും ഒരുക്കാം. ഇങ്ങനെ കേരളം ദീർഘകാലമായി പറഞ്ഞുകൊണ്ടിരുന്ന ഒരു പ്രശ്നത്തിന് പരിഹാരം കാണാനുള്ള ഒരു ചുവടുവയ്പ്പ് പൊതുമരാമത്ത് വകുപ്പും ഇറിഗേഷൻ വകുപ്പും

കൂടി എടുത്തിട്ടുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. തുടർനടപടികൾ പി.ഡബ്ല്യു.ഡി. സെക്രട്ടറി കൺവീനറായുള്ള ഉദ്യോഗസ്ഥതല കമ്മിറ്റിയിലൂടെ നടത്തി മുന്നോട്ട് പോകാനാകും. വളരെ പോസിറ്റീവായിത്തന്നെ ഈ വിഷയങ്ങൾ നമുക്ക് പരിഹരിച്ചുപോകാവുന്നതാണ്.